# കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
# (മത്സ്യബോർഡ്)

## ഓഫീസ് സംവിധാനം

| | | |
|---|---|---|
| **കേന്ദ്ര കാര്യാലയം** | : | കമ്മീഷണർ, മത്സ്യബോർഡ് കേന്ദ്ര കാര്യാലയം<br>അയ്യപ്പനഗർ, പൂങ്കുന്നം,<br>തൃശ്ശൂർ, പിൻ - 680 002<br>Ph: 0487-2383088, |
| **മേഖല ഓഫീസുകൾ** | | |
| **തിരുവനന്തപുരം** | : | മേഖല എക്സിക്യൂട്ടീവ് , മത്സ്യബോർഡ്<br>'കാന്തി ,G.G. RA-14A , TC 82/258 , സമദ് ഹോസ്പിറ്റലിന് സമീപം, അമ്പലത്തുമുക്ക്, പേട്ട,<br>തിരുവനന്തപുരം<br>Ph: 0471-2362238 |
| **ആലപ്പുഴ** | : | മേഖല എക്സിക്യൂട്ടീവ് , മത്സ്യബോർഡ്<br>തുമ്പോളി മത്സ്യഭവൻ, തിരുവമ്പാടി, ആലപ്പുഴ<br>Ph: 0477-2239597 |
| **എറണാകുളം** | : | മേഖല എക്സിക്യൂട്ടീവ് , മത്സ്യബോർഡ്<br>2nd ഫ്ലോർ, ഫിഷറീസ് കോംപ്ലക്സ്, ഡോ.സലീം അലി റോഡ്, കൊച്ചിൻ-682018<br>Ph: 0484-2383210 |
| **കോഴിക്കോട്** | : | മേഖല എക്സിക്യൂട്ടീവ് , മത്സ്യബോർഡ്<br>മത്സ്യബോർഡ്, ഫിഷറീസ് കോംപ്ലക്സ് വെസ്റ്റ്ഹിൽ,<br>കോഴിക്കോട്-5<br>Ph: 0495-2383472 |
| **കണ്ണൂർ** | : | മേഖല എക്സിക്യൂട്ടീവ് , മത്സ്യബോർഡ്<br>മത്സ്യഭവൻ, ഫിഷറീസ് കോംപ്ലക്സ്, മാപ്പിള ബെ,<br>കണ്ണൂർ-670017<br>Ph: 0497-2734587 |

# കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ

## എ ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി** | |
| a | അപകടമരണം | 10 ലക്ഷം |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് പരമാവധി ) 10,000/- രൂപ ) |
| f | അപകടം മൂലം മണിക്കൂറിലധികം ആശുപത്രി 24 ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- |
| 2 | മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോഅപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം | 100000/- |
| 3 | വിവാഹ ധനസഹായ പദ്ധതി | 25,000/- |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തരചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 2000/- |
| 5 | വാർദ്ധക്യകാലപെൻഷൻ | 1600/- |
| 6 | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി | 500/- |
| 7 | മത്സ്യത്തൊഴിലാളികളുടെമരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15000/- |
| 8 | എസ്എസ്എൽസി പരീക്ഷയിൽഉന്നത വിജയം . നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5000/- രൂപ (വധിപരമാ) |
| 9 | കുടുംബ സംവിധാനപദ്ധതി | 500/- |
| 10 | മാരകരോഗചികിൽസാ പദ്ധതി | |
| a | ഹൃദ്രോഗം | 50,000/- |
| b | വൃക്കരോഗം | 50,000/- |
| c | ക്യാൻസർ | 50,000/- |
| d | തലച്ചോറിലെ ട്യൂമർ | 50,000/- |
| e | തളർവാതം | 12,000/- |

| | | |
|---|---|---|
| f | ചികിൽസിച്ചുഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | 5,000/- |
| 11 | ചെയർമാൻസ്റിലീഫ് ഫണ്ട് | 5000/- രൂപ (പരമാവധി) |
| 12 | പ്രസവശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- രൂപ |
| 13 | ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി +)2,VHSE) | 5000/- രൂപ (പരമാവധി) |
| 14 | വിധവപെൻഷൻ | 1600/- |
| 15 | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി | 10,000/- രൂപ (പരമാവധി ) |
| 16 | ബോർഡിന്റെപ്രത്യേക ധനസഹായം | 50,000/- രൂപ (പരമാവധി) |

## ബ ) അനുബന്ധ ത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | വാർദ്ധക്യകാലപെൻഷൻ | 1600/- |
| 2 | **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി** | |
| a | അപകടമരണം | 10 ലക്ഷം |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം |
| e | അപകടമരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് പരമാവധി ) 10,000/- രൂപ ) |
| f | അപകടം മൂലം മണിക്കൂറിലധികം ആശുപത്രി 24 യംചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹാ | 25,000/- രൂപ (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- |
| 3 | അനുബന്ധത്തൊഴിലാളികളുടെമരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15000/- |
| 4 | പ്രസവശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- രൂപ |
| 5 | എസ്എസ്എൽസി പരീക്ഷയിൽഉന്നത വിജയം . നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5000/- രൂപ (പരമാവധി) |
| 6 | മാരകരോഗ ചികിൽസ | |
| 1 | ഹൃദ്രോഗം | 25,000/- |
| 2 | വൃക്കരോഗം | 25,000/- |
| 3 | ക്യാൻസർ | 25,000/- |
| 4 | തളർവാതം | 10,000/- |
| 5 | ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | 10,000/- |

| | | |
|---|---|---|
| **6** | ഗർഭാശയ സംബന്ധമായ രോഗം | 5,000/- |
| **7** | വിവാഹ ധനസഹായ പദ്ധതി | 25,000/- |
| **8** | കുടുംബ സംവിധാനപദ്ധതി | 500/- |
| **9** | ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി +)2,VHSE) | 5000/- രൂപ (പരമാവധി) |
| **10** | ബോർഡിന്റെപ്രത്യേക ധനസഹായം | 50,000/- രൂപ (പരമാവധി) |
| **11** | തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം | 100000/- |
| **12** | അനുബന്ധത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തരചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 2000/- |
| **13** | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി | 500/- |
| **14** | ചെയർമാൻസ്റിലീഫ് ഫണ്ട് | 5000/- രൂപ (പരമാവധി) |
| **15** | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി | 10,000/- രൂപ (പരമാവധി ) |

**പ്രത്യേക പദ്ധതികൾ**

| **ക്രമ നം.** | **പദ്ധതി** | **ധനസഹായ തുക (രൂപ)** |
|---|---|---|
| 1 | തണൽപദ്ധതി | 1350/- |
| 2 | സാന്ത്വനതീരം (രോഗ ചികിത്സ) | |
| a | ഹൃദ്രോഗം | 50,000/- |
| b | വൃക്കരോഗംഡയാലിസിസ്/ | 50,000/- |
| c | കരൾരോഗം | 20,000/- |
| d | കാൻസർ | 50,000/- |
| e | കണ്ണ് ചികിത്സ | 10,000/- |
| f | സ്ട്രോക്ക്,തളർവാതം,കിടപ്പുരോഗം | 20,000/- |
| g | മത്സ്യബന്ധനവേളയിൽ കൈകാലുകൾ മുറിഞ്ഞുപോകുന്ന അവസ്ഥ | 10,000/- |
| h | ഓട്ടിസം ചികിത്സ മത്സ്യത്തൊഴിലാളികളുടെയും) അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്( | 20,000/- |
| i | ഗർഭാശയ സംബന്ധമായ രോഗം സ്ത്രീ ) മത്സ്യത്തൊഴിലാളി,അനുബന്ധത്തൊഴിലാളി( | 10,000/- |

### സി ) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി നടപ്പാക്കുന്ന പുതിയ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെപേര് | ധനസഹായതുക (രൂപ ) |
|---|---|---|
| 1. | അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് തൊഴിൽ സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം | 25000 |
| 2. | (പെൻഷണർമാരെ) വയസ്സ്കഴിഞ്ഞവരെ 60 ആദരിക്കുന്നതിനുളളപദ്ധതി | 10,000–/ (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 3 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000–/ (14 ജില്ലകൾക്കും) |
| 4 | ചെയർമാന്റെ ദുരിതാശ്വാസ നിധി | 25000 |
| 5. | ഫിഷറീസ്ഓഫീസുകളുടെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ | ബോർഡ് തീരുമാനപ്രകാരം |
| 6. | സർക്കാർ മെറിറ്റ്അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി | 100000 |
| 7. | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കുംഭർത്താവിനും/ മൈനറായകുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാസഹായം നൽകുന്നതിനുള്ള പദ്ധതി | 25000 |
| 8. | ഗ്രന്ഥശാലവായനശാല/ നവീകരിക്കുന്നതിനുളള പദ്ധതി | 20,000/ – ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 9. | മത്സ്യബോർഡിനുവേണ്ടി രക്ഷാസേനരൂപീകരിക്കൽ | 5000/– ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 10. | മത്സ്യ ,അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുളള പദ്ധതി | 15000/– ( 14 ജില്ലകൾക്കും) |
| 11. | മത്സ്യബന്ധനയാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുളള പദ്ധതി | 1,00,000/– (പരമാവധി |
| 12. | കായിക വിനോദ മത്സരത്തിൽ ഉന്നതവിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധസഹായം നൽകുന്ന പദ്ധതി | 50,000/– |

| | | |
|---|---|---|
| 13. | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിനു യാത്രാ ചെലവിനായി ധനസഹായം നൽകുന്ന പദ്ധതി | 100000/- |
| 14. | യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദബിരുദാനന്തര , , പരീക്ഷകളിൽ ഒന്ന് രണ്ട്മൂന്ന് റാങ്ക് , നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി | 10,000/- രൂപ (പരമാവധി) |

## മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

1980 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട്, 1985 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ട്, 1986 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി 1999 ലെ മത്സ്യത്തൊഴിലാളി ഭേദഗതി ആക്ട് എന്നിവയിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ (മത്സ്യബോർഡ്) പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മത്സ്യബോർഡിലെ ഫിഷറീസ് ഓഫീസർ തയ്യാറാക്കുന്ന മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി പട്ടികയിൽ പേരുള്ളവരും വിഹിതമടച്ച് അംഗത്വം സ്വീകരിച്ചിട്ടുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമാണ് ബോർഡ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

**മത്സ്യത്തൊഴിലാളി പട്ടിക**

ഉപജീവനത്തിനുള്ള മുഖ്യതൊഴിലായി മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയാണ് മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. മത്സ്യഗ്രാമം തിരിച്ചുള്ള മത്സ്യത്തൊഴിലാളി പട്ടികയുടെ കരട് എല്ലാവർഷവുംസെപ്റ്റംബർ ഒന്നാം തീയതി ഫിഷറീസ് ഓഫീസർമാർ പ്രസിദ്ധപ്പെടുത്തുന്നു. പട്ടിക സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ ആയത് പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കുള്ളിൽ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. ഫിഷറീസ് ഓഫീസറുടെ തീരുമാനങ്ങളിൽ പരാതിയുള്ളവർക്ക് ജില്ലാ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥന് അപ്പീൽ സമർപ്പിക്കാം. മത്സ്യത്തൊഴിലാളി പട്ടിക അസ്സൽ രൂപത്തിൽ ഫിഷറീസ് ഓഫീസർ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ സമർപ്പിച്ചിരിക്കണം. അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

മത്സ്യത്തൊഴിലാളി പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള അപേക്ഷകൾ www.fims.kerala.gov.inഎന്ന പോർട്ടൽ മുഖേന ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. പ്രതിവർഷം 300/- രൂപയാണ് മത്സ്യത്തൊഴിലാളികൾ വിഹിതമായി മത്സ്യബോർഡിലേക്ക് അടക്കേണ്ടത്. ബന്ധപ്പെട്ട ഫിഷറീസ് ഓഫീസിലാണ് ക്ഷേമനിധി വിഹിതം അടക്കേണ്ടത്. ബോട്ടിന്റെ വിഹിതം ബന്ധപ്പെട്ട മേഖല ഓഫീസിലാണ് അടക്കേണ്ടത്. മത്സ്യബോർഡിന്റെ അംശദായം പുതുക്കിയ വിജ്ഞാപനം അനുബന്ധമായി ചേർത്തിട്ടുണ്ട്.

മുൻ വർഷങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

**MATSYABOARD-FM-ABSTRACT**

| DISTRICT | Year | | | | |
|---|---|---|---|---|---|
| | 2020 | 2021 | 2022 | 2023 | 2024 |
| 1.TRIVANDRUM | 56091 | 57152 | 57369 | 57178 | 56303 |
| 2.KOLLAM | 27074 | 27470 | 27417 | 27230 | 27085 |
| **TRIVANDRUM REGION** | **83165** | **84622** | **84786** | **84408** | **83388** |
| 3.ALAPPUZHA | 44454 | 44793 | 43184 | 39399 | 37225 |
| 4.KOTTAYAM | 5158 | 4989 | 5057 | 4964 | 4812 |
| 5.PATHANAMTHITTA | 222 | 223 | 242 | 214 | 219 |
| 6.IDUKKI | 244 | 266 | 300 | 318 | 329 |
| **ALAPPUZHA REGION** | **50078** | **50271** | **48783** | **44895** | **42585** |
| 7.ERNAKULAM | 25839 | 24856 | 24888 | 23955 | 22180 |
| 8.THRISSUR | 7016 | 7086 | 7349 | 7458 | 7466 |
| 9.PALAKKAD | 502 | 516 | 526 | 570 | 604 |
| **ERNAKULAM REGION** | **33357** | **32458** | **32763** | **31983** | **30250** |
| 10.MALAPPURAM | 34195 | 34218 | 35247 | 35962 | 31510 |
| 11.KOZHIKODE | 21860 | 21722 | 21607 | 21796 | 20703 |
| 12.WAYANAD | 27 | 27 | 37 | 36 | 35 |
| **KOZHIKKODE REGION** | **56082** | **55967** | **56891** | **57794** | **52248** |
| 13. KANNUR | 6601 | 6627 | 6689 | 6757 | 6467 |
| 14.KASARAGOD | 10928 | 10922 | 11062 | 11155 | 11155 |
| **KANNUR REGION** | **17529** | **17549** | **17751** | **17912** | **17622** |
| **GRAND TOTAL** | **240211** | **240867** | **240974** | **236992** | **226093** |

## <u>അനുബന്ധത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ</u>

മത്സ്യ വിപണന - സംസ്കരണ മേഖലയിലെ തൊഴിലാളികളെ കൂടി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവന്ന് അവർക്കു പ്രത്യേകമായി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി 1999 ൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്തുകയുണ്ടായി. ഈ ഭേദഗതി 1999 ഏപ്രിൽ 17-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തു.

ബീച്ച് വർക്കർമാർ (Beach Workers), ചെറുകിട മത്സ്യവിതരണക്കാർ (Small scale fish distributos),മത്സ്യം ഉണക്കുന്നവർ, പീലിംഗ് വർക്കേഴ്സ് , ചെറുകിടസംസ്കരണ ശാലകളിലെ വർക്കർമാർ (Small scale processing plant workers) എന്നീ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെയാണ് അനുബന്ധത്തൊഴിലാളികളായി അംഗീകരിച്ചിട്ടുള്ളത്.

18 നും 60 നും ഇടയിൽ പ്രായമുള്ളവരും മറ്റ് ക്ഷേമ ബോർഡുകളിലൊന്നും അംഗത്വമില്ലാത്തവരും രണ്ടു വർഷമെങ്കിലും തുടർച്ചയായി മത്സ്യബന്ധന അനുബന്ധ തൊഴിലുകളിൽ ഏർപ്പെടുന്നവർക്കുമാണ് ക്ഷേമനിധി അംഗത്വം നൽകുന്നത് .

അനുബന്ധത്തൊഴിലാളി പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള അപേക്ഷകൾ www.fims.kerala.gov.inഎന്ന പോർട്ടൽ മുഖേന ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. എന്നാൽ ഓരോ വർഷവും ഏപ്രിൽ മാസം 1 നാണ് ഫിഷറീസ് ഓഫീസർ പട്ടികയുടെ കരടുരൂപം പ്രസിദ്ധീകരിക്കുന്നത്.

ഫിഷറീസ് ഓഫീസർ പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപമുള്ളവർക്ക് 15 ദിവസത്തിനകം റീജിയണൽ എക്സിക്യൂട്ടീവുമാർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പലേറ്റ് അതോറിട്ടിയുടെ തീരുമാനം അന്തിമമായിരിക്കും.

പ്രതിമാസം 50/- രൂപയാണ് അനുബന്ധത്തൊഴിലാളികൾ വിഹിതമായി മത്സ്യബോർഡിലേക്ക് അടക്കേണ്ടത്. 6 മാസത്തിൽ കൂടുതൽ കാലം കുടിശ്ശികയുണ്ടെങ്കിൽ ക്ഷേമനിധി അംഗത്വം നഷ്ടപ്പെട്ടുപോകും . നഷ്ടപ്പെട്ട അംഗത്വം പുനസ്ഥാപിച്ചു കിട്ടാൻ പ്രയാസമായതിനാൽ അംഗത്വം നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മുൻവർഷങ്ങളിലെ അനുബന്ധമത്സ്യത്തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| MATSYABOARD-AW- ABSTRACT | | | | | |
|---|---|---|---|---|---|
| DISTRICT | Year | | | | |
| | 2020 | 2021 | 2022 | 2023 | 2024 |
| 1.TRIVANDRUM | 3481 | 3968 | 4116 | 5386 | 6264 |
| 2.KOLLAM | 17568 | 17831 | 18288 | 18826 | 18859 |
| **TRIVANDRUM REGION** | **21049** | **21799** | **22404** | **24212** | **25123** |
| 3.ALAPPUZHA | 27334 | 27624 | 27483 | 24858 | 23418 |
| 4.KOTTAYAM | 847 | 906 | 915 | 919 | 960 |
| 5.PATHANAMTHITTA | 241 | 244 | 267 | 405 | 466 |
| 6.IDUKKI | 93 | 61 | 61 | 90 | 161 |
| **ALAPPUZHA REGION** | **28515** | **28835** | **28726** | **26272** | **25005** |
| 7.ERNAKULAM | 16421 | 16564 | 10529 | 11172 | 10502 |
| 8.THRISSUR | 2664 | 2764 | 2233 | 2427 | 2790 |
| 9.PALAKKAD | 360 | 458 | 499 | 624 | 659 |
| **ERNAKULAM REGION** | **19445** | **19786** | **13261** | **14223** | **13951** |
| 10.MALAPPURAM | 2637 | 2326 | 1892 | 1965 | 1928 |
| 11.KOZHIKODE | 9802 | 9264 | 9084 | 9233 | 7545 |
| 12.WAYANAD | 322 | 331 | 331 | 394 | 401 |
| **KOZHIKKODE REGION** | **12761** | **11921** | **11307** | **11592** | **9874** |
| 13. KANNUR | 1758 | 1695 | 1665 | 1763 | 1800 |
| 14.KASARAGOD | 1003 | 1058 | 1296 | 1536 | 1678 |
| **KANNUR REGION** | **2761** | **2753** | **2961** | **3299** | **3478** |
| **GRAND TOTAL** | **84531** | **85094** | **78659** | **79598** | **77431** |

**<u>ക്ഷേമനിധിയിലേക്കുള്ള വിഹിതം</u>**

മത്സ്യബോർഡിലേക്കുള്ള തൊഴിലാളി വിഹിതം കൃത്യമായി അടയ്ക്കുന്നവർക്കു മാത്രമാണ് പദ്ധതി ആനുകൂല്യങ്ങൾ നൽകുന്നത്. കുടിശ്ശിക വരുത്തിയാൽ പിഴ സംഖ്യകൂടി അടയ്ക്കണമെന്നുമാത്രമല്ല ടി കാലയളവിലെ പദ്ധതി ആനുകാല്യങ്ങൾ നഷ്ടപ്പെടുകയും ചെയ്യും.

തൊഴിലാളി വിഹിതത്തിനു പുറമെ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന യാനങ്ങളുടെ ഉടമകളും അംശാദായം മത്സ്യബോർഡ് ഫിഷറീസ് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

മത്സ്യബോർഡിന്റെ അംശദായം പുതുക്കിയ വിജ്ഞാപനം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**<u>പാസ് ബുക്ക്:-</u>**

മത്സ്യബോർഡ് അംഗങ്ങൾക്ക് നൽകുന്നതിനായി പാസ് ബുക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫിഷറീസ് ഓഫീസിൽ നിന്നും നിശ്ചിത വില നൽകി (നിലവിൽ 100/- രൂപ) അംഗങ്ങൾപാസ്സ് ബുക്ക് വാങ്ങേണ്ടതാണ്. ഓരോ വർഷവും വിഹിതം അടക്കുമ്പോൾ രസീതു വാങ്ങേണ്ടതും ആയത് പാസ്സ് ബുക്കിൽ വരവ് വയ്പിച്ച് വാങ്ങേണ്ടതുമാണ്. പദ്ധതി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ നൽകുന്നതിനും, പാസ്സ് ബുക്കിന്റെ പകർപ്പ് അത്യാവശ്യമാണ്. ആനുകൂല്യം ലഭിക്കുന്ന വിവരവും പാസ്സ് ബുക്കിൽ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. പാസ്സ് ബുക്കിൽ തൊഴിലാളിയുടെ ഫോട്ടോ ഒട്ടിക്കേണ്ടതും ശരിയായ ജനനതീയതി രേഖപ്പെടുത്തേണ്ടതുമാണ്. പാസ്സ് ബുക്ക് കൈമോശം വന്നാൽ പകരം ഒരെണ്ണം ലഭിക്കുവാൻ പ്രയാസമായതിനാൽ നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

# മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ

## പദ്ധതി നമ്പർ– 1

## ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

അപകട സാഹചര്യങ്ങളെ അവഗണിച്ചുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. 07.12.2007 മുതൽ മത്സ്യസുരക്ഷ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തുവരുന്നു. ഇൻഷ്വറൻസ് പ്രീമിയം പൂർണമായും സർക്കാരിൽ നിന്നും അനുവദിക്കുന്നതാണ്. ഗുണഭോക്താക്കളിൽ നിന്ന് തുക ഒന്നും ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | | |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/– രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/– രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണമടി വരുന്നവർക്ക് ധനസഹായം | 25,000/– (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/– രൂപ |

അപകടമുണ്ടായാലുടനെ തന്നെ വിവരം പോലീസ് സ്റ്റേഷനിലും മത്സ്യബോർഡ് ഫിഷറീസ് ഓഫീസറെയും അറിയിക്കണം. മൃതശരീരം പോസ്റ്റ്മോർട്ടം നടത്തേണ്ടതാണ്. നഷ്ടപരിഹാരതുക ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ സഹിതം കഴിയുന്നത്ര വേഗം അപേക്ഷ തയ്യാറാക്കി (നാല് പകർപ്പുകൾ) ഫിഷറീസ് ഓഫീസർക്ക് നൽകണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

**മരണമാണെങ്കിൽ:**

1. മരണ സർട്ടിഫിക്കറ്റ് അസ്സൽ
2. പോലീസ് സ്റ്റേഷനിലെ പ്രഥമ വിവര റിപ്പോർട്ടിന്റെ (എഫ് ഐ ആർ) പകർപ്പ്
3. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റെയും ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെയും പകർപ്പ്
4. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരഭാഗങ്ങൾ രാസപരിശോധനയ്ക്കായി അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയാൽ രാസപരിശോധന റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

5. ലീഗൽ ഹെയർഷിപ്പ് /റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
6. വിദ്യാഭ്യാസ ആനുകൂല്യത്തിന് വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്
7. ശവസംസ്കാര ചെലവ് ലഭ്യമാകുന്നതിന് ആയതിന്റെ ബിൽ

**<u>ശാരീരിക അവശതയാണെങ്കിൽ:</u>**

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ്/ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ

**<u>മത്സ്യബന്ധനത്തിനിടെ അപകടം മൂലം കാണാതാവുകയാണെങ്കിൽ:</u>**

1. പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്
2. കളക്ടർ/ആർ.ഡി.ഒ നൽകുന്ന സർട്ടിഫിക്കററ്
3. മാർഗ്ഗരേഖ പ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്.
4. റവന്യൂ അധികൃതരിൽ നിന്നും ലഭിക്കുന്ന ലീഗൽ ഹെയർഷിപ്പ് / റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്

**<u>അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിസ:</u>**

1. പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ട്
2. പോലീസിന്റെ അന്തിമ ചാർജ്ജ് ലിസ്റ്റ്
3. ആശുപത്രി ഡിസ്ചാർജ്ജ് കാർഡ്
4. ആശുപത്രിയിലെ അസ്സൽ ബിൽ

പ്രസ്തുത പദ്ധതിക്കായി മുൻ വർഷത്തിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 112 | 4,42,77,967 |
| 2021-22 | 341 | 18,70,32,680 |
| 2022-23 | 333 | 14,34,42,761 |
| 2023-24 | 201 | 10,28,39,759 |
| 2024-25 | 130 | 6,92,16,506 |

## പദ്ധതി നമ്പർ – 2
## മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും , ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 1,00,000/– രൂപയാണ്.

**നിബന്ധനകൾ:**

1. മരിച്ച മത്സ്യത്തൊഴിലാളി 60 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം.
2. ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം.
3. 60 വയസ്സിനു ശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

**അപേക്ഷ നൽകേണ്ട വിധം:**

മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണം സംഭവിച്ചാൽ ഉടനെ തന്നെ ഫിഷറീസ് ഓഫീസറേയും തൊട്ടടുത്ത പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കണം. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുടെ മൂന്നു പകർപ്പുകൾ തയ്യാറാക്കി താഴെ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1. മരണ സർട്ടിഫിക്കറ്റ് – അസ്സൽ
2. ആശുപത്രിയിൽ പ്രവേശിച്ച ശേഷമാണ് മരണമെങ്കിൽമരണം സാധാരണ രോഗം കൊണ്ടുണ്ടായതല്ലെന്നും അപ്രതീക്ഷിതമായ കാരണങ്ങൾകൊണ്ടായിരുന്നുവെന്നും തെളിയിക്കുന്നതിന് ചികിൽസിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ്
3. പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ്.

4. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ഫോട്ടോ കോപ്പി ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെട്ടുത്തിയത്. ഫിഷറീസ് ഓഫീസറുടെയും മേഖല എക്സിക്യൂട്ടീവിന്റെയും അന്വേഷണ റിപ്പോർട്ട് പ്രകാരം ധനസഹായം അനുവദിക്കുന്നതാണ്.
5. അവകാശിയുടെ ബാങ്ക് അക്കൌണ്ട് വിശദാംശങ്ങൾ
6. അവകാശിയുടെ ആധാർ നമ്പർ
7. അവകാശിയുടെ ഫോൺ നമ്പർ

**ധനസഹായം അനുവദിക്കൽ**

കമ്മീഷണർ ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ:**

കമ്മീഷണറുടെ തീരുമാനത്തിൻമേൽ ആക്ഷേപമുണ്ടെങ്കിൽ ആയതിനുള്ള അപ്പീൽ അപേക്ഷ ബോർഡിന്റെ പരിഗണനയ്ക്കായി ചെയർമാന് സമർപ്പിക്കാവുന്നതാണ്

പ്രസ്തുത പദ്ധതിക്കായി മുൻ വർഷത്തിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 35 | 18,50,000 |
| 2021-22 | 46 | 24,50,000 |
| 2022-23 | 44 | 21,40,000 |
| 2023-24 | 45 | 22,30,000 |
| 2024-25 | 40 | 19,55,000 |

## <u>പദ്ധതി നമ്പർ – 3</u>
## <u>വിവാഹ ധനസഹായ പദ്ധതി</u>

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 25,000/- രൂപയാണ്.

**<u>അപേക്ഷിക്കുന്നതിനുള്ള അർഹത</u>**

1. 60 വയസ്സിൽ താഴെ പ്രായമുള്ള മത്സ്യത്തൊഴിലാളി
2. മത്സ്യത്തൊഴിലാളികളുടെ വിധവകൾ

   ( വിഹിതം കുടിശ്ശികയുണ്ടെങ്കിൽ ഭർത്താവ് മരിച്ച തിയ്യതി വരെയുള്ള വിഹിതം അടച്ചിരിക്കണം)

   } രണ്ട് പെൺമക്കളുടെയും വിവാഹത്തിന് അപേക്ഷിക്കാം

3. 60 വയസ്സിൽ കൂടുതൽ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ
4. പെൻഷൻകാർ
5. പെൻഷൻകാരുടെ വിധവകൾ

   } മുൻപൊരിക്കലും ഈ സഹായം ലഭിച്ചിട്ടില്ലെങ്കിൽ ഒരു മകളുടെ വിവാഹത്തിന് ധനസഹായ അപേക്ഷ സമർപ്പിക്കാം

6. വധു മത്സ്യത്തൊഴിലാളിയാണെങ്കിൽ
7. മത്സ്യത്തൊഴിലാളിയായ പിതാവ്/മാതാവ് മരണപ്പെട്ടാൽ

   } നേരിട്ട് അപേക്ഷ സമർപ്പിക്കാം

**<u>നിബന്ധനകൾ:</u>**

1. വധുവിന് വിവാഹ തിയ്യതിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം
2. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ താഴെ ആയിരിക്കണം (റേഷൻ കാർഡിന്റെ പകർപ്പ് / വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണം)
3. മത്സ്യത്തൊഴിലാളി വിഹിതങ്ങൾ പൂർണ്ണമായും അടച്ചിരിക്കണം
4. അംഗത്വമെടുത്ത് ആദ്യമായി വിഹിതം അടച്ചതുമുതൽ 3 വർഷം കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുകയുള്ളൂ.
5. ക്ഷേമനിധി അംഗത്വമുണ്ടായിരിക്കെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ വിവക്ഷിക്കുന്ന വിധം അവശത അനുഭവിക്കേണ്ടി വന്നതുമൂലം മത്സ്യത്തൊഴിലാളി പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം :**

1. വിവാഹ തിയ്യതി മുതൽ 60 ദിവസത്തിനകം അപേക്ഷ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
2. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകളുടെ 2 പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം
   (1) വധുവിന്റെ വയസ്സ് തെളിയിക്കുന്ന രേഖ
   (2) 50,000/- രൂപയിൽ താഴെ റേഷൻകാർഡിൽ വാർഷിക വരുമാനം രേഖപ്പെടുത്തിയതിന്റെ പകർപ്പ് ( റേഷൻ കാർഡ്/വരുമാന സർട്ടിഫിക്കറ്റ്)
   (3) മത്സ്യബോർഡ് പാസ് ബുക്കിന്റെ പകർപ്പ് ( ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
   (4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവാഹ സർട്ടിഫിക്കറ്റ്
   (5) അപേക്ഷകന്റെ/അപേക്ഷകയുടെ ആധാർ നമ്പർ
   (6) അപേക്ഷകന്റെ/അപേക്ഷകയുടെ ഫോൺ നമ്പർ

**ധനസഹായം അനുവദിക്കൽ:**

മേഖലയുടെ ചുമതല വഹിക്കുന്ന റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ഉള്ള ധനസഹായം അനുവദിക്കേണ്ടത്.

**അപ്പീൽ:**

അപേക്ഷ നിരസിക്കപ്പെട്ടാൽ നിരസന ഉത്തരവിൻമേൽ ആക്ഷേപമുണ്ടെങ്കിൽ നിരസന ഉത്തരവ് തിയ്യതി മുതൽ 90 ദിവസത്തിനകം കമ്മീഷണർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷത്തിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 1,551 | 1,55,10,000 |
| 2021-22 | 1,502 | 1,50,20,000 |
| 2022-23 | 2,041 | 2,04,10,000 |
| 2023-24 | 5,078 | 5,07,80,000 |
| 2024-25 | 2,651 | 3,21,95,000 |

## പദ്ധതി നമ്പർ – 4

## മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി:

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2000/- രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അച്ഛൻ, അമ്മ, ഭാര്യ/ഭർത്താവ്, മൈനർമാരായ ആൺ മക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

### അപേക്ഷ സമർപ്പിക്കേണ്ടവിധം:

ഒരാളുടെ മരണത്തോടനുബന്ധിച്ച് ഒന്നിലധികം മത്സ്യത്തൊഴിലാളികൾ അപേക്ഷകരായുണ്ടെങ്കിൽ സാമ്പത്തിക സഹായത്തുക അർഹമായ അപേക്ഷകർക്ക് തുല്യമായി വീതിച്ചോ, അവർ യോജിച്ച് രേഖാമൂലം ആവശ്യപ്പെടുന്നയാൾക്കോ നൽകുന്നതാണ്.

ആശ്രിതൻ മരിച്ച് മൂന്ന് മാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം.

1. ആശ്രിതന്റെ മരണ സർട്ടിഫിക്കറ്റ്
2. മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ പകർപ്പ് – ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
3. ലീഗൽ ഹെയർഷിപ്പ് / റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്

### ധനസഹായം അനുവദിക്കൽ:

മേഖലയുടെ ചുമതല വഹിക്കുന്നറീജിയണൽ എക്സ്ക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്.

### അപ്പീൽ:

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷത്തിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 1 | 1,200 |
| 2021-22 | 14 | 8,400 |
| 2022-23 | 3 | 1,800 |
| 2023-24 | 5 | 3,000 |
| 2024-25 | 2 | 1,200 |

## പദ്ധതി നമ്പർ – 5
## വാർദ്ധക്യകാല പെൻഷൻ

വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമില്ലാതെയാവുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/– രൂപയാണ്.

**അർഹത:**

കേരളത്തിൽ കുറഞ്ഞത് 10 വർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലി ചെയ്ത് ഉപജീവനം കഴിക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽ നിന്നും വിരമിക്കുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. പെൻഷൻ അപേക്ഷ തിയ്യതി തൊട്ട് 5 വർഷം മുമ്പെങ്കിലും മത്സ്യബോർഡിൽ അംഗത്വം എടുത്ത് വിഹിതം അടച്ചിരിക്കണം.

**അപേക്ഷ സമർപ്പിക്കേണ്ട വിധം:**

60 വയസ്സ് പൂർത്തിയാക്കുന്ന മുറക്ക് അപേക്ഷ www.fims.kerala.gov.in എന്ന പോർട്ടൽ മുഖേന ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

എ) അപേക്ഷന്റെ വയസ്സ് തെളിയിക്കുന്നതിന് സ്കൂളിൽ നിന്നോ, ജനന മരണ രജിസ്ട്രാറിൽ നിന്നോ, ലഭിക്കുന്ന സർട്ടിഫിക്കററ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് ഇവയൊന്നുമില്ലെങ്കിൽ നിശ്ചിത ഫോറത്തിൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.

ബി) ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ മത്സ്യബോർഡ് പാസ്സ്

ബുക്കിന്റെ പകർപ്പ്

(സി) ആധാർ ലിങ്ക് ചെയ്ത വ്യക്തിഗത ബാങ്ക് അക്കൌണ്ട് പാസ് ബുക്കിന്റെ പകർപ്പ്

(ഡി) റേഷൻ കാർഡിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

(ഇ) ആധാർ കാർഡിന്റെ പകർപ്പ്

(എഫ്) വരുമാന സർട്ടിഫിക്കറ്റ്

**<u>ആനുകൂല്യം അനുവദിക്കുന്ന വിധം</u> :**

വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നത് ജോയിന്റ് കമ്മീഷണർ ആണ്. മത്സ്യബന്ധന വകുപ്പ് തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20.11.2023 തിയതിയിലെ ബി3/181/2023/മതുവ നമ്പർ സർക്കുലർ പ്രകാരം എല്ലാ പ്രവർത്തി ദിവസങ്ങളിലും അംഗങ്ങളുടെ പെൻഷൻ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

പെൻഷൻ അനുവദിക്കുന്ന മാസം മുതൽ പെൻഷൻ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ലഭിച്ച അപേക്ഷകളിൽ മാനദണ്ഡപ്രകാരം 45 ദിവസത്തിനകം തീരുമാനം എടുത്ത് അറിയിക്കേണ്ടതാണ്

**<u>അപ്പീൽ</u>:**

നിരസനോത്തരവിന്മേൽ ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ അപേക്ഷ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷത്തിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 50,715 | 1,02,70,44,950 |
| 2021-22 | 49,287 | 76,96,03,200 |
| 2022-23 | 49,784 | 78,67,96,800 |
| 2023-24 | 49,743 | 67,78,19,200 |
| 2024-25 | 44,560 | 1,03,11,00,800 |

## പദ്ധതി നമ്പർ – 6
## അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**ധനസഹായത്തുക:**

അവശതാ കാലത്തെ ആദ്യത്തെ ഏഴ് ദിവസത്തേക്ക് 100/- രൂപയും, പിന്നീടുള്ള ഓരോ ദിവസത്തേക്കും 15/- രൂപ വീതവും പരമാവധി 500/- രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകുന്നതാണ്.

കുറഞ്ഞത് ഏഴ് ദിവസമെങ്കിലും തൊഴിൽ ചെയ്യാൻ പറ്റാതെ വന്നാൽ മാത്രമെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളു.

**അപേക്ഷ നൽകേണ്ട വിധം:**

അപകടം മൂലം അവശതയുണ്ടായാൽ ഉടനെ തന്നെ വിവരം ഫിഷറീസ് ഓഫീസറെ അറിയിക്കണം. ധനസഹായത്തിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ 2 പകർപ്പുകൾ തയ്യാറാക്കി അപകടം സംഭവിച്ച തിയ്യതി മുതൽ 3 മാസത്തിനകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം.

1. ചികിൽസിച്ച സർക്കാർ ഡോക്ടറിൽ നിന്നും ലഭിച്ച നിശ്ചിത ഫോറത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
2. അപേക്ഷകന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ ശരി പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

അപേക്ഷയിൻമേൽ ഫിഷറീസ് ഓഫീസർ വിശദമായ അന്വേഷണം നടത്തുകയും അർഹതയുള്ള അപേക്ഷകൾ മാത്രം റീജിണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവിന് അയച്ച് കൊടുക്കുന്നതുമാണ്.

**ധനസഹായം അനുവദിക്കൽ:**

റീജിണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവാണ് അപേക്ഷയിൻമേൽ യുക്തമായ തീരുമാനം എടുക്കുന്നത്.

**അപ്പീൽ:**

ഈ പദ്ധതി പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ നിരസിച്ച് 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

## പദ്ധതി നമ്പർ –7
## മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായ തുക 15,000/- രൂപയാണ്.

**നിബന്ധനകൾ:**

1. മരിച്ച മത്സ്യത്തൊഴിലാളി 60 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം. ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം.
2. 60 വയസ്സിനുശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.
3. മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ എവിടെ വെച്ചു മരിച്ചാലും ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായം നൽകുന്നതാണ്.
4. മാർഗ്ഗരേഖ പ്രകാരമുള്ള ആശ്രിതർ ഇല്ലെങ്കിൽ ഫിഷറീസ് ഓഫീസറുടെ ശുപാർശ പ്രകാരം മരണാനന്തര ചെലവുകൾ വഹിച്ച ആൾക്ക് 1000/- രൂപ ധനസഹായമായി നൽകുന്നു.
5. മരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതായാൽ ടി തുകയിൽ നിന്നും ഈ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയ തുക കുറച്ച് ബാക്കി തുക മാത്രം നൽകുന്നതാണ്.

**അപേക്ഷ നൽകേണ്ട വിധം :**

ആശ്രിതർ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിച്ചിരിക്കണം. മത്സ്യത്തൊഴിലാളി മരണപ്പെട്ട് മൂന്ന് മാസത്തിനകം ഈ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകനും മരിച്ചയാളുമായുള്ള ബന്ധവും മരിച്ച തിയ്യതിയും അപേക്ഷകൾ പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണ്. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണസർട്ടിഫിക്കറ്റും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. കൂടാതെ അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ് ,ഫോൺ നമ്പർ, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

**ധനസഹായം അനുവദിക്കൽ:**

റീജിയണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ:**

ഉത്തരവിൽ ആക്ഷേപമുണ്ടെങ്കിൽ 90 ദിവസത്തിനകം കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷത്തിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 220 | 34,68,000 |
| 2021-22 | 1,061 | 1,58,31,000 |
| 2022-23 | 217 | 32,55,000 |
| 2023-24 | 851 | 1,26,81,000 |
| 2024-25 | 1,228 | 1,83,06,000 |

## പദ്ധതി നമ്പർ – 8
## എസ്.എസ് എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് .

**ക്യാഷ് അവാർഡ് തുക:**

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് – 5,000/– രൂപ
2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് – 4,000/– രൂപ
3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് – 3,000/– രൂപ
4. റീജിയണൽ ഫിഷറീസ് ടെക്കനിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) – 3,000/– രൂപ

   ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കററുകളും , മൊമെന്റോയും നൽകുന്നതാണ്.

**<u>അപേക്ഷ സമർപ്പിക്കേണ്ടവിധം:</u>**

ഓരോ വർഷവും എസ് എസ് എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ചാലുടനെ തന്നെ കമ്മീഷണർ ഈ പദ്ധതി സംബന്ധിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ രക്ഷിതാവ് മുഖേനയോ നിശ്ചിത തിയ്യതിക്കകം അപക്ഷകൻ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കണം. സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കിയാൽ മതിയാകും. വിദ്യാർത്ഥിയുടേയും , രക്ഷകർത്താവിന്റെയും പേരും മേൽ വിലാസവും വിദ്യാർത്ഥിയുടെ വയസ്സ്, പഠിച്ച സ്കൂൾ, എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്, രക്ഷിതാവിന്റെ മത്സ്യബോർഡ് അംഗത്വ നമ്പർ മത്സ്യഗ്രാമം, പണമടവ് വിവരങ്ങൾ തുടങ്ങിയവ അപേക്ഷയിലുണ്ടായിരിക്കണം. താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

1. വിദ്യാർത്ഥിയുടെ എസ്.എസ്.എൽ.സി സട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) വയസ്സും, മാർക്കും തെളിയിക്കുന്നതിനായി.
2. രക്ഷിതാക്കളുടെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
3. വിദ്യാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ 2 എണ്ണം
4. ആധാർകാർഡിന്റെ പകർപ്പ്
5. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

**<u>നിബന്ധനകൾ:</u>**

1. വിദ്യാർത്ഥിയുടെ രക്ഷിതാവിന് ക്ഷേമനിധി അംഗത്വമുണ്ടെങ്കിൽ പോലും മത്സ്യബന്ധനം മുഖ്യ ഉപജീവനമായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളിയായി തുടരുന്നുവെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ അപേക്ഷ പരിഗണനീയമാണെന്ന ശുപാർശ ഫിഷറീസ് ഓഫീസർ മേലാധികാരിക്ക് സമർപ്പിക്കുകയുള്ളൂ.
2. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 8വിഷയങ്ങളിലും എ+ **ഗ്രേഡ്ലഭിക്കാത്ത**വിദ്യാർത്ഥികളെ അവാർഡിനായി പരിഗണിക്കുന്നതല്ല.
3. പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| **വർഷം** | **ഗുണഭോക്താക്കളുടെഎണ്ണം എണ്ണം** | **വിനിയോഗിച്ചതുക** |
|---|---|---|
| 2023-24 | 1,588 | 68,80,000 |
| 2024-25 | 1,272 | 57,94,900 |

## പദ്ധതി നമ്പർ- 9
## കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്.

### ധനസഹായ തുക

ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷാ ചെലവുകൾക്കായി 500/- രൂപയാണ് ധനസഹായമായി നൽകുന്നത്.

### അപേക്ഷ നൽകേണ്ടവിധം:

ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്കോ, പുരുഷൻമാർക്കോ നേരിട്ട് അപേക്ഷ നൽകാം. അവരുടെ ഭർത്താവോ/ഭാര്യയോ ശസ്ത്രക്രിയയ്ക്കു വിധേയരായാലും മത്സ്യത്തൊഴിലാളിക്ക് ധനസഹായ അപേക്ഷ സമർപ്പിക്കാം.

ശസ്ത്രക്രിയ നടത്തിയ 60 ദിവസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

1. ശസ്ത്രക്രിയ നടത്തിയ അംഗീകൃത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്
2. മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തയത്.

### ധനസഹായം അനുവദിക്കൽ:

റീജിയണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്.

### അപ്പീൽ:

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്

## പദ്ധതിനമ്പർ- 10
## മാരകരോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുളള പദ്ധതിയാണിത്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും**

| | | | |
|---|---|---|---|
| 1. | ഹൃദ്രോഗം | പരമാവധി | 50,000/- രൂപ |
| 2. | വൃക്കരോഗം | പരമാവധി | 50,000/- രൂപ |
| 3. | ക്യാൻസർ | പരമാവധി | 50,000/- രൂപ |
| 4. | തലച്ചോറിലെ ട്യൂമർ | പരമാവധി | 50,000/- രൂപ |
| 5. | തളർവാതം | പരമാവധി | 12,000/- രൂപ |
| 6. | ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസികരോഗം | പരമാവധി | 5,000/- രൂപ |

**നിബന്ധനകൾ:**

1. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
2. മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. ആദ്യമായി വിഹിതം അടച്ച് 5 വർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടക്കുകയും ചെയ്തിരിക്കണം.
3. വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലായിരിക്കരുത്.
4. സർക്കാർ ആശുപത്രിയിലെയും, സഹകരണ ആശുപത്രിയിലെയും ചികിൽസയ്ക്കു മാത്രമെ ധനസഹായം ലഭിക്കുകയുളളൂ. സർക്കാർ ആശുപത്രിയിൽ നിന്നും റഫർ ചെയ്യുന്ന കേസുകളിൽ സ്വകാര്യ ആശുപത്രിയിലെ ചികിൽസയ്ക്കും മണിപ്പാൽ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന കേസ്സുകളിൽ അവിടുത്തെ ചികിൽസയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.

**അപേക്ഷകൾ സമർപ്പിക്കേണ്ടവിധം**

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ 3 പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉളളടക്കം ചെയ്യണം.

1. വരുമാനം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ /വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് - ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തയത്.
2. സർക്കാർ ആശുപത്രിയിൽ ചികിസിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
3. സർക്കാർ ആശുപത്രിയിൽ നിന്നും സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനുള്ള രേഖ.

4. ചികിൽസാ ചിലവിലേക്കുള്ള ബില്ലുകൾ ചികിൽസിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കണം.
5. രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ ജനന മരണ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ്.
6. മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
7. ചികിൽസിക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷന്റെ പകർപ്പ്

താഴെ പറയുന്ന സ്വകാര്യ ആശുപത്രികളിൽ നേരിട്ട് ചികിൽസ നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും ധനസഹായം അനുവദിക്കുന്നതാണ്.

1. ഉത്രാടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം
2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, ഇടപ്പള്ളി, എറണാകുളം
3. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്
4. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ /ഹൈടെക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിററൽ, തൃശ്ശൂർ
5. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്
6. കോട്ടക്കൽ ആര്യവൈദ്യശാല (തളർവാതത്തിനുമാത്രം)

**<u>ധനസഹായം അനുവദിക്കൽ:</u>**

ഈ പദ്ധതിയുടെ ധനസഹായം അനുവദിക്കുന്നത് കമ്മീഷണർ ആണ്.

**<u>അപ്പീൽ:</u>**

കമ്മീഷണറുടെ തീരുമാനത്തിൻമേലുള്ള അപ്പീലുകൾ ചെയർമാന് സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 172 | 44,36,958 |
| 2021-22 | 40 | 4,00,000 |
| 2022-23 | 119 | 41,25,652 |
| 2023-24 | 69 | 16,66,091 |
| 2024-25 | 1 | 17,928 |

## പദ്ധതി നമ്പർ – 11
## ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലം പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ളരക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേനായ എന്നിവ കടിച്ചതു മൂലവും , തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിൽസ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൌരവമനുസരിച്ച് പരമാവധി 5,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**ധനസഹായം അനുവദിക്കുന്ന വിധം:**

അപകടങ്ങളെപ്പററിയും നാശനഷ്ടങ്ങളെപറ്റിയുള്ള വിവരങ്ങൾ ലഭിച്ചാലുടനെ തന്നെ ബന്ധപ്പെട്ട മത്സ്യബോർഡ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായത്തുക അടിയന്തിര സന്ദർഭങ്ങളോടനുബന്ധിച്ച് അപേക്ഷ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**ധനസഹായം അനുദിക്കൽ:**

ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത് കമ്മീഷണറുടെ നിർദ്ദേശ പ്രകാരം റീജിയണൽ എക്സിക്യൂട്ടീവാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 13 | 43,000 |
| 2021-22 | 22 | 59,500 |
| 2022-23 | 7 | 15,000 |
| 2023-24 | 24 | 71,000 |
| 2024-25 | 5 | 23,000 |

## പദ്ധതി നമ്പർ- 12
## പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്ത്യുന്മുഖ മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി 750/- രൂപ വീതം നൽകി വരുന്നു

**നിബന്ധനകൾ:**

മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് നേരിട്ട് ധനസഹായ അപേക്ഷ സമർപ്പിക്കാം. ഭർത്താവിന് ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കുകയും ഭാര്യക്ക് അംഗത്വമില്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭർത്താവാണ് ധനസഹായ അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത വനിതയ്ക്ക് 19 വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കേണ്ടതാണ്.

നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി താഴെ കാണിച്ചിട്ടുള്ള രേഖകൾ സഹിതം പ്രസവ തിയ്യതിക്ക് 2 മുതൽ 8 ആഴ്ച്ചയ്ക്കുള്ളിലായി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1. എം.ബിബി എസ് യോഗ്യതയുള്ള ഡോക്ടറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കററ്
2. അപേക്ഷയുടെ / അപേക്ഷകന്റെ വിവാഹ സർട്ടിഫിക്കറ്റ്
3. വയസ്സ് തെളിയിക്കുന്നതിനുള്ള നിയമാനുസൃത രേഖ

**ധനസഹായം അനുവദിക്കൽ:**

റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ:**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

## പദ്ധതി നമ്പർ–13
## ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് 5000/– രൂപ വീതം ഈ പദ്ധതി പ്രകാരം ക്യാഷ് അവാർഡും മെമൊന്റോയും നൽകുന്നു.

**അർഹതയും അപേക്ഷിക്കേണ്ട വിധവും:**

മത്സ്യബോർഡിൽ സജീവ അംഗത്വമുള്ളവരുടെ മക്കൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇത് സംബന്ധിച്ച് കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവിന് സമർപ്പിക്കാവുന്നതാണ്. ഓരോ അദ്ധ്യായന വർഷത്തിലും നടത്തുന്ന അവസാന വർഷ പരീക്ഷയിൽ പ്രഥമ അവസരത്തിൽ തന്നെ ജയിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ. അപേക്ഷയിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടിരിക്കേണ്ടതും താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

1. അവസാന വർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ശരിപ്പകർപ്പ്
2. വയസ്സ് തെളിയിക്കുന്ന എസ്.എസ്.എൽസി ബുക്കിന്റെ ശരി പകർപ്പ്
3. രക്ഷിതാവ് മത്സ്യത്തൊഴിലാളി ആണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ശരി പകർപ്പ്
4. വിഹിതം കുടിശ്ശികയില്ലാതെ അടച്ചിട്ടുണ്ടെന്നതിനുള്ള സർട്ടിഫിക്കറ്റും പാസ് ബുക്കിലെ ബന്ധപ്പെട്ട പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2023-24 | 200 | 10,00,000 |
| 2024-25 | 271 | 13,55,000 |

## പദ്ധതി നമ്പർ -14

## വിധവ പെൻഷൻ

മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും കൈപറ്റുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപ നൽകി വരുന്നു.

**നിബന്ധനകൾ:**

1. സ്ഥിര വരുമാനമുള്ള ഉദ്യോഗമുണ്ടെങ്കിൽ ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കുകയില്ല.
2. പുനർവിവാഹം നടക്കുന്ന പക്ഷം വിവാഹം നടക്കുന്ന മാസം മുതൽ പെൻഷൻ റദ്ദുചെയ്യുന്നതാണ്.
3.

**അപേക്ഷകൾ സമർപ്പിക്കേണ്ട വിധം:**

നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 കോപ്പികൾ തയ്യാറാക്കി മരിച്ച മത്സ്യത്തൊഴിലാളി അംഗമായിരുന്ന ഗ്രാമത്തിന്റെ ചുമതല വഹിക്കുന്ന ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മരണം നടന്ന് 90 ദിവസത്തിനുള്ളിൽ ഫിഷറീസ് ഓഫീസർക്ക് അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം.

1. മത്സ്യത്തൊഴിലാളിയുടെ മരണ സർട്ടിഫിക്കറ്റ് പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
2. മത്സ്യബോർഡ് വിഹിതമടച്ച പേജിന്റെയും പാസ്സ് ബുക്കിന്റെയും പൂർണ്ണമായ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
3. മറ്റു പെൻഷൻ ലഭിക്കുന്നില്ല എന്ന് തെളിയിക്കുന്ന രേഖ
4. ആധാർ കാർഡിന്റെ പകർപ്പ്
5. വ്യക്തിഗത ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട്)
6. റേഷൻ കാർഡിന്റെ പകർപ്പ് (കുടുംബ വിവരം അടങ്ങിയ പേജ് സഹിതം)

7. പുനർവിവഹം നടത്തിയിട്ടില്ലെന്നും സ്ഥിരവരുമാനമുള്ള തൊഴിൽ ഇല്ലെന്നുംതെളിയിക്കുന്നതിന് പഞ്ചായത്ത്, മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/ സെക്രട്ടറി വാർഡ് കൌൺസിലർ നൽകുന്ന സാക്ഷ്യപത്രം

**<u>പെൻഷൻ അനുവദിക്കുന്ന വിധം</u>**

വിധവ പെൻഷൻ അനുവദിക്കുന്നത് ജോയിന്റ് കമ്മീഷണർ ആണ്.

**<u>അപ്പീൽ:</u>**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 9,813 | 21,05,61,400 |
| 2021-22 | 9,537 | 15,17,04,000 |
| 2022-23 | 9,606 | 15,34,72,000 |
| 2023-24 | 9,671 | 13,31,64,800 |
| 2024-25 | 9,160 | 18,38,44,800 |

### പദ്ധതി നമ്പർ- 15

## <u>കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി</u>

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും , മെമേന്റോയും നൽകുന്നു.

എ) ദേശീയതലത്തിൽ

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 10,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 8,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |

ബി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 8,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 4,000/- രൂപ |

സി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 2,000/- രൂപ |

ഡി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 2,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 1,000/- രൂപ |

### <u>അപേക്ഷ സമർപ്പിക്കേണ്ട വിധം:</u>

മത്സ്യബോർഡിൽ സജീവ അംഗത്വമുള്ളവരുടെ മക്കൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുള്ളൂ. ഇത് സംബന്ധിച്ച് ബോർഡിന്റെ കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് നിശ്ചിത സമയത്തിനകം അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. സമയപരിധിക്കുശേഷം

ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. താഴെ പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. രക്ഷിതാവിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ്
2. വിജയം കൈവരിച്ച മത്സര സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2023-24 | 53 | 2,40,000 |
| 2024-25 | 95 | 3,88,000 |

## പദ്ധതിനമ്പർ–16
## ബോർഡിന്റെ പ്രത്യേക ധനസഹായം:

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷീക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിക്കുന്നു.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2023-24 | 161 | 11,75,000 |
| 2024-25 | 14 | 3,04,700 |

# <u>അനുബന്ധത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ</u>

## <u>പദ്ധതി – നമ്പർ എസ്.എ.–1</u>
## <u>വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

1. 60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് നൽകി വരുന്ന വാർദ്ധക്യകാല പെൻഷൻ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നിലവിൽപ്രതിമാസ പെൻഷൻ തുക 1600/– രൂപയാണ്.

## <u>അർഹത:</u>

5 വർഷം തുടർച്ചയായി ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കേണ്ടതാണ്. 60 വയസ്സ് പൂർത്തീകരിക്കുകയും തൊഴിലിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുള്ള അനുബന്ധത്തൊഴിലാളികൾക്ക് പെൻഷൻ അപേക്ഷ നൽകാം. അപേക്ഷകൻ കേരളത്തിലെ സ്ഥിരം താമസക്കാരനും കുടുംബ വാർഷീക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കുകയും ക്ഷേമനിധി വിഹിതം പൂർണ്ണമായും അടച്ചിരിക്കണം.

## <u>പെൻഷൻ അപേക്ഷകൾ സമർപ്പിക്കേണ്ട വിധം:</u>

60 വയസ്സ് പൂർത്തിയാക്കുന്ന മുറക്ക് അപേക്ഷ www.fims.kerala.gov.in എന്ന പോർട്ടൽ മുഖേന ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. വരുമാന സർട്ടിഫിക്കറ്റ്
2. മറ്റു പെൻഷൻ ലഭിക്കുന്നില്ലെന്നു തെളിയിക്കുന്ന രേഖ (വില്ലേജ് ഓഫീസറിൽ നിന്നോ , സ്വയംഭരണ സംസ്ഥാന സെക്രട്ടറിയിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റ്)
3. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കററ്, ജനന മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്) ഇവയൊന്നുമില്ലെങ്കിൽ നിശ്ചിത ഫോറത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്
4. വിഹിതം പൂർണ്ണമായി അടച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിന് മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ പൂർണ്ണമായ പകർപ്പ്
5. റേഷൻ കാർഡിന്റെ പകർപ്പ്,
6. ആധാർ കാർഡിന്റെ പകർപ്പ്
7. വ്യക്തിഗത ബാങ്ക് പാസ് ബുക്കിന്റെപകർപ്പ്

**ആനുകൂല്യം അനുവദിക്കുന്ന വിധം :**

വിധവ പെൻഷൻ ഫിംസ് ഡാറ്റ ബേസിൽ അപ്രൂവ് ചെയ്യുന്നത് ജോയിന്റ് കമ്മീഷണർ ആണ്.

**അപ്പീൽ:**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| **2020-21** | 8,517 | 17,93,82,600 |
| **2021-22** | 8,904 | 13,80,59,200 |
| **2022-23** | 9,131 | 14,31,15,200 |
| **2023-24** | 9,142 | 12,75,21,600 |
| **2024-25** | 8,770 | 20,51,74,400 |

## പദ്ധതി- നമ്പർ എസ്.എ. –2
## മത്സ്യസുരക്ഷ പദ്ധതി
## ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് പരമ്പരാഗത അനുബന്ധത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. പ്രീമിയം ഇനത്തിൽ പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അനുബന്ധത്തൊഴിലാളികൾക്ക് അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | | |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| c | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| d | അപകടമരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് ( പരമാവധി 10,000/- രൂപ) |
| e | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| f | ശവസംസ്കാര ചെലവ് | 2,500/- രൂപ |

അപകടമുണ്ടായാലുടനെ തന്നെ വിവരം പോലീസ് സ്റ്റേഷനിലും മത്സ്യബോർഡ് ഫിഷറീസ് ഓഫീസറെയും അറിയിക്കണം. മൃതശരീരം പോസ്റ്റ്മോർട്ടം നടത്തേണ്ടതാണ്. നഷ്ട പരിഹാരത്തുക ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം കഴിയുന്നത്ര വേഗം അപേക്ഷ തയ്യാറാക്കി (നാല് പകർപ്പുകൾ) ഫിഷറീസ് ഓഫീസർക്ക് നൽകണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

**മരണമാണെങ്കിൽ:**

1. മരണ സർട്ടിഫിക്കറ്റ് അസ്സൽ
2. പോലീസ് സ്റ്റേഷനിലെ പ്രഥമ വിവര റിപ്പോർട്ടിന്റെ (എഫ് ഐ ആർ) പകർപ്പ്
3. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റെയും ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെയും പകർപ്പ്
4. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരഭാഗങ്ങൾ രാസപരിശോധനയ്ക്കായി അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയാൽ രാസപരിശോധന റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.
5. ലീഗൽ ഹെയർഷിപ്പ് /റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
6. വിദ്യാഭ്യാസ ആനുകൂല്യത്തിന് വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്
7. ശവസംസ്കാര ചെലവ് ലഭ്യമാകുന്നതിന് ആയതിന്റെ ബിൽ

**ശാരീരിക അവശതയാണെങ്കിൽ:**

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ്/ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ

**അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസ**

1. പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ട്
2. പോലീസിന്റെ അന്തിമ ചാർജ്ജ് ഷീറ്റ്
3. ആശുപത്രി ഡിസ്ചാർജ്ജ് കാർഡ്
4. ആശുപത്രിയിലെ അസ്സൽ ബിൽ

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 1 | 6,600 |
| 2021-22 | 47 | 2,49,00,080 |
| 2022-23 | 50 | 1,69,60,766 |
| 2023-24 | 16 | 51,59,181 |
| 2024-25 | 16 | 72,43,121 |

**പദ്ധതി – നമ്പർ എസ്. എ. – 3**

**അനുബന്ധത്തൊഴിലാളികളുടെ മരണത്തിന്**

**ആശ്രിതർക്ക് ധനസഹായം**

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ധനസഹായമായി 15,000/– രൂപയാണ്.

**നിബന്ധനകൾ:**

1. മരിച്ച അനുബന്ധത്തൊഴിലാളി 60 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം. ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം.
2. അനുബന്ധത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ എവിടെ വെച്ചു മരിച്ചാലും ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായം നൽകുന്നതാണ്.
3. മാർഗ്ഗരേഖ പ്രകാരമുള്ള ആശ്രിതർ ഇല്ലെങ്കിൽ ഫിഷറീസ് ഓഫീസറുടെ ശുപാർശ പ്രകാരം മരണാന്തര ചിലവുകൾ വഹിച്ച ആൾക്ക് 1000/- രൂപ ധനസഹായമായി നൽകുന്നു.
4. മരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതാകയാൽ ടി തുകയിൽ നിന്നും ഈ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയ തുക കുറച്ച് ബാക്കി തുക മാത്രം നൽകുന്നതാണ്.

**അപേക്ഷ നൽകേണ്ട വിധം:**

ആശ്രിതർ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിച്ചിരിക്കണം. അപേക്ഷകനും മരിച്ചയാളുമായുള്ള ബന്ധവും മരിച്ച തിയ്യതിയും അപേക്ഷകൾ പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണ്. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണസർട്ടിഫിക്കറ്റും ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്/റിലേഷൻഷിപ്പ് സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

**ധനസഹായം അനുവദിക്കുന്ന വിധം**

മേഖലയുടെ ചുമതലയുള്ള റീജിയണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ :**

റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് എന്നിവരുടെ തീരുമാനത്തിൻമേലുള്ള അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | | |
| 2021-22 | 142 | 21,16,000 |
| 2022-23 | 32 | 4,80,000 |
| 2023-24 | 132 | 19,66,000 |
| 2024-25 | 134 | 19,66,000 |

## പദ്ധതി നമ്പർ എസ്. എ.- 4

## പ്രസവ ശുശ്രൂഷയക്കുള്ള ധനസഹായ പദ്ധതി

മത്സ്യബന്ധന അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീതൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷയ്ക്ക് 750/- രൂപ നൽകി വരുന്നു.

**നിബന്ധനകൾ:**

അനുബന്ധത്തൊഴിലാളിയായ വനിതകൾക്ക് നേരിട്ട് ധനസഹായ അപേക്ഷ സമർപ്പിക്കാം. ഭർത്താവിന് ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കുകയും ഭാര്യക്ക് അംഗത്വമില്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭർത്താവാണ് ധനസഹായ അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത വനിതയ്ക്ക് 19 വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കേണ്ടതാണ്. നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി താഴെ കാണിച്ചിട്ടുള്ള രേഖകൾ സഹിതം പ്രസവ തിയ്യതിക്ക് 2 മുതൽ8 ആഴ്ചയ്ക്കുള്ളിലായി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1. എം ബിബി എസ് യോഗ്യതയുള്ള ഡോക്ടറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
2. അപേക്ഷകയുടെ / അപേക്ഷകന്റെ വിവാഹ സർട്ടിഫിക്കറ്റ്
3. വയസ്സ് തെളിയ്ക്കുന്നതിനുള്ള നിയമാനുസൃത രേഖ

**ധനസഹായം അനുവദിക്കൽ:**

റീജിയണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ:**

അപ്പീൽ അപേക്ഷകൾ തൊണ്ണൂറ് ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

## പദ്ധതി നമ്പർ എസ്.എ.– 5

## എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്

അനുബന്ധമത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാന തലത്തിൽ എസ്.എസ്. എൽ സി പരീക്ഷയ്ക്ക് എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥിയ്ക്ക് 5000/– രൂപയും 9 എ+ നേടിയ വിദ്യാർത്ഥിയ്ക്ക് 4000/– രൂപയും 8 എ+ നേടിയ വിദ്യാർത്ഥിയ്ക്ക് 3000/– രൂപയും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് 3000/– രൂപയും നൽകുന്നു.

**അപേക്ഷ സമർപ്പിക്കേണ്ട വിധം:**

ഓരോ വർഷവും എസ് എസ് എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ചാലുടനെ തന്നെ കമ്മീഷണർ ഈ പദ്ധതി സംബന്ധിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ രക്ഷിതാവ് മുഖേനയോ നിശ്ചിത തിയ്യതിക്കകം അപേക്ഷകൾ ഓഫീസർക്ക് സമർപ്പിക്കണം. സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കിയാൽ മതിയാകും, വിദ്യാർത്ഥിയുടേയും , രക്ഷാകർത്താവിന്റെയും പേരും മേൽ വിലാസവും വിദ്യാർത്ഥിയുടെ വയസ്, പഠിച്ച സ്കൂൾ , എസ്.എസ്.എൽസി പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് രക്ഷിതാവിന്റെ മത്സ്യബോർഡ് അംഗത്വ നമ്പർ, മത്സ്യഗ്രാമം , പണമടവ് വിവരങ്ങൾ തുടങ്ങിയവ അപേക്ഷയിലുണ്ടായിരിക്കണം. താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

1. വിദ്യാർത്ഥിയുടെ എസ്എസ് എൽസി സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ്, (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ) വയസ്സും, മാർക്കും തെളിയിക്കുന്നതിനായി
2. രക്ഷിതാക്കളുടെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

**നിബന്ധനകൾ**

1. വിദ്യാർത്ഥിയുടെ രക്ഷിതാവിന് ക്ഷേമനിധി അംഗത്വമുണ്ടെങ്കിൽ പോലും പ്രവർത്തനോന്മുഖ അനുബന്ധത്തൊഴിലാളിയായി തുടരുന്നുവെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമെ അപേക്ഷ പരിഗണനീയമാണെന്ന ശുപാർശ ഫിഷറീസ് ഓഫീസർ മേലാധികാരിക്ക് സമർപ്പിക്കുകയുള്ളൂ
2. എസ്.എസ്.എൽ സി പരീക്ഷയ്ക്ക് 8 വിഷയങ്ങളിലും എ+ ഗ്രേഡ് ലഭിക്കാത്ത വിദ്യാർത്ഥികളെ അവാർഡിനായി പരിഗണിക്കുന്നതല്ല.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2023-24 | 189 | 8,45,000 |
| 2024-25 | 167 | 7,57,000 |

## പദ്ധതി - നമ്പർ എസ്.എ. –6

## മാരക രോഗചികിൽസാ പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ രോഗ ചികിൽസയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം താഴെ പറയുന്ന രോഗങ്ങൾക്കാണ് സാമ്പത്തിക ധനസഹായം അനുവദിക്കുന്നത്.

| ക്രമനം | മാരകരോഗ ചികിൽസ | തുക |
|---|---|---|
| 1 | ഹൃദ്രോഗം | 25000 |
| 2 | വൃക്കരോഗം | 25000 |
| 3 | ക്യാൻസർ | 25000 |
| 4 | തളർവാതം | 10000 |
| 5 | ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | 10000 |
| 6 | ഗർഭാശയ സംബന്ധമായ രോഗം | 5000 |

**നിബന്ധനകൾ**

1. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
2. പദ്ധതി ആരംഭ തിയ്യതിയിൽ തുടർച്ചയായി 2 വർഷമെങ്കിലും വിഹിതങ്ങളെല്ലാം അടച്ചിരിക്കണം
3. വാർഷീക വരുമാനം 50,000/– രൂപയിൽ കൂടുതലായിരിക്കരുത്.
4. സർക്കാർ അശുപത്രിയിലെയും, സഹകരണ ആശുപത്രിയിലെയും ചികിൽസയ്ക്കുമാത്രമെ ധനസഹായം ലഭിക്കുകയുള്ളൂ. സർക്കാർ ആശുപത്രിയിൽ നിന്നും റഫർ ചെയ്യുന്ന കേസുകളിൽ സ്വകാര്യ ആശുപത്രിയിലെ ചികിൽസയ്ക്കും മണിപ്പാൽ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന കേസ്സുകളിൽ അവിടുത്തെ ചികിൽസയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.

**<u>അപേക്ഷകൾ സമർപ്പിക്കേണ്ട വിധം</u>**

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ 3 പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉളളടക്കം ചെയ്യണം.

1. വരുമാനം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ പകർപ്പ് – ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
2. സർക്കാർ ആശുപത്രിയിൽ നിന്നും പ്രത്യേക സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനുളള രേഖ
3. ചികിൽസിച്ച ഡോക്ടറുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ
4. രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ ജനന മരണ രജിസ്ട്രാറുടെ സർട്ടഫിക്കറ്റ് ഇവയൊന്നുമില്ലെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

**<u>അപ്പീൽ:</u>**

കമ്മീഷണറുടെ തീരുമാനത്തിൻമേലുള്ള അപ്പീലുകൾ ചെയർമാന് സമർപ്പിക്കാവുന്നതാണ്.

# പദ്ധതി നമ്പർ എസ്.എ.- 7

## അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൌജന്യ ധനസഹായമായി 25,000/- രൂപ നൽകുന്ന പദ്ധതിയാണിത്.

**അപേക്ഷിക്കാനുള്ള അർഹത**

1. 60 വയസ്സിൽ താഴെ പ്രായമുള്ള അനുബന്ധത്തൊഴിലാളി
2. അനുബന്ധത്തൊഴിലാളികളുടെ വിധവകൾ ( വിഹിതം കുടിശ്ശികയുണ്ടെങ്കിൽ ഭർത്താവ് മരിച്ച തിയ്യതി വരെയുള്ള വിഹിതം അടച്ചിരിക്കണം)

} രണ്ട് പെൺമക്കളുടെയും വിവാഹത്തിന് അപേക്ഷിക്കാം

3. 60 വയസ്സിൽ കൂടുതൽ പ്രായമുള്ള അനുബന്ധത്തൊഴിലാളികൾ
4. പെൻഷൻകാർ
5. പെൻഷൻകാരുടെ വിധവകൾ

} മുൻപൊരിക്കിലും ഈ സഹായം ലഭിച്ചിട്ടില്ലെങ്കിൽ ഒരു മകളുടെ മാത്രം വിവാഹത്തിന് ധനസഹായ അപേക്ഷ സമർപ്പിക്കാം

6. വധു അനുബന്ധത്തൊഴിലാളിയാണെങ്കിൽ
7. അനുബന്ധത്തൊഴിലാളിയായ പിതാവ്/മാതാവ് മരണപ്പെട്ടാൽ

} നേരിട്ട് അപേക്ഷ സമർപ്പിക്കാം

**നിബന്ധനകൾ**

1. വധുവിന് വിവാഹ തീയതിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.
2. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം റേഷൻ കാർഡിൽ 50,000/- രൂപയിൽ താഴെ ആയിരിക്കണം( റേഷൻ കാർഡിന്റെ /വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കണം)
3. അനുബന്ധത്തൊഴിലാളി വിഹിതങ്ങൾ പൂർണ്ണമായും അടച്ചിരിക്കണം
4. അംഗത്വമെടുത്ത് ആദ്യമായി വിഹിതം അടച്ചതു മുതൽ 3 വർഷം കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുകയുള്ളൂ.
5. ക്ഷേമനിധി അംഗത്വമുണ്ടായിരിക്കെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ വിവക്ഷിക്കുന്ന വിധം അവശത അനുഭവിക്കേണ്ടി വന്നതു മൂലം അനുബന്ധത്തൊഴിലാളി പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം–**

1. വിവാഹ തീയതി മുതൽ 60 ദിവസത്തിനകം അപേക്ഷ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
2. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകളുടെ 2 പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.
   (1) വധുവിന്റെ വയസ്സ് തെളിയിക്കുന്ന രേഖ
   (2) 50,000/– രൂപയിൽ താഴെ റേഷൻ കാർഡിൽ വാർഷിക വരുമാനം രേഖപ്പെടുത്തിയതിന്റെ പകർപ്പ്
   (3) മത്സ്യബോർഡ് പാസ് ബുക്കിന്റെ പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
   (4) വിവാഹ സർട്ടിഫിക്കറ്റ്

**ധനസഹായം അനുവദിക്കൽ**

മേഖല ചുമതല വഹിക്കുന്ന റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ഉള്ള ധനസഹായം അനുവദിക്കേണ്ടത്.

**അപ്പീൽ**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കണം

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 156 | 15,60,000 |
| 2021-22 | 162 | 16,20,000 |
| 2022-23 | 263 | 26,30,000 |
| 2023-24 | 630 | 63,30,000 |
| 2024-25 | 351 | 41,70,000 |

## പദ്ധതി നമ്പർ എസ്.എ.- 8

## കുടുംബ സംവിധാനത്തിന് ധനസഹായം

വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന അനുബന്ധത്തൊഴിലാളികൾക്കും പുരുഷൻമാർക്കും സാമ്പത്തിക ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരം 500/- രൂപ ധനസഹായം റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് അനുവദിക്കുന്നതാണ്.

**അപ്പീൽ**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കണം

**അപേക്ഷ നൽകേണ്ടവിധം**

ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന അനുബന്ധത്തൊഴിലാളിയായ സ്ത്രീകൾക്കോ പുരുഷൻമാർക്കോ നേരിട്ട് അപേക്ഷ നൽകാം. അവരുടെ ഭർത്താവോ/ഭാര്യയോ ശസ്ത്രക്രിയയ്ക്കു വിധേയരായാലും അനുബന്ധത്തൊഴിലാളിക്ക് ധനസഹായ അപേക്ഷ സമർപ്പിക്കാം.

ശസ്ത്രക്രിയ കഴിഞ്ഞ് 60 ദിവസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

1. ശസ്ത്രക്രിയ നടത്തിയ അംഗീകൃത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്
2. മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

## പദ്ധതി – നമ്പർ എസ്.എ. – 9

## ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

ഹയർ സെക്കന്ററി (പ്ലസ് 2), വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000/- രൂപയും വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതം ക്യാഷ് അവാർഡും മൊമെന്റോയും നൽകുന്നു.

**<u>അർഹതയും അപേക്ഷിക്കേണ്ട വിധവും</u>**

മത്സ്യബോർഡിൽ സജീവ അംഗത്വമുള്ളവരുടെ മക്കൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇത് സംബന്ധിച്ച് കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചിത നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവുമാർ / ജൂനിയർ എക്സിക്യൂട്ടീവിന് സമർപ്പിക്കാവുന്നതാണ്. ഓരോ അദ്ധ്യയന വർഷത്തിലും നടത്തുന്ന അവസാന വർഷ പരീക്ഷയിൽ പ്രഥമ അവസരത്തിൽ തന്നെ ജയിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ. അപേക്ഷയിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടിരിക്കേണ്ടതും താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

1. അവസാന വർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ശരി പകർപ്പ്
2. വയസ്സ് തെളിയിക്കുന്ന എസ്.എസ്.എൽ.സി ബുക്കിന്റെ ശരി പകർപ്പ്
3. രക്ഷിതാവ് മത്സ്യത്തൊഴിലാളി ആണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ശരി പകർപ്പ്
4. വിഹിതം കുടിശ്ശികയില്ലാതെ അടച്ചിട്ടുണ്ടെന്നതിനുള്ള ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റും പാസ് ബുക്കിലെ ബന്ധപ്പെട്ട പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും .
5. പാസ്പോർട്ട് സൈസ് ഫോട്ടോ
6. ആധാർകാർഡിന്റെ പകർപ്പ്
7. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2023-24 | 47 | 2,35,000 |
| 2024-25 | 50 | 2,50,000 |

## പദ്ധതിനമ്പർ എസ്.എ. 10

## ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന അനുബന്ധത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനത്തിനു വിധേയമായി നിശ്ചിത തുക ഈ പദ്ധതി പ്രകാരം ധനസഹായമായി അനുവദിക്കുന്നു.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2023-24 | 32 | 1,65,000 |
| 2024-25 | 6 | 95,000 |

## പദ്ധതിനമ്പർ എസ്.എ. 11

## മത്സ്യഅനുബന്ധതൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണം

മത്സ്യഅനുബന്ധതൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽഅപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**സാമ്പത്തിക സഹായം :-**

ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 1,00,000/- രൂപയാണ്

**അപേക്ഷ നൽകേണ്ട വിധം:-**

മത്സ്യഅനുബന്ധതൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽഅപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണം സംഭവിച്ചാൽ ഉടനെ തന്നെ

ഫിഷറീസ് ഓഫീസറെയും തൊട്ടടുത്ത പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കണം. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുടെ മൂന്നു പകർപ്പുകൾ തയ്യാറാക്കി താഴെ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. കമ്മീഷണർ ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

1. മരണ സർട്ടിഫിക്കറ്റ് – അസ്സൽ
2. ആശുപത്രിയിൽ പ്രവേശിച്ച ശേഷമാണ് മരണമെങ്കിൽ സാധാരണ രോഗം കൊണ്ടുണ്ടായതല്ലെന്നുംഅപ്രതീക്ഷിതമായ കാരണങ്ങൾകൊണ്ടായിരുന്നുവെന്നും തെളിയിക്കുന്നതിന് ഡോക്ടറുടെ സർട്ടിഫിക്കറ്റ്
3. പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന പ്രഥമ വിവര റിപ്പോർട്ട്(FIR)–ന്റെ പകർപ്പ്.
   ആയതിൽ തൊഴിൽ ചെയ്യുന്നതിനിടെയാണ് മരണം സംഭവിച്ചതെന്ന് സൂചിപ്പിക്കേണ്ടതാണ്.
4. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ഫോട്ടോ കോപ്പി. ഫിഷറീസ് ഓഫീസറുടെയും, മേഖല എക്സിക്യൂട്ടീവിന്റെയും അന്വേഷണ റിപ്പോർട്ട് പ്രകാരം ധനസഹായം അനുവദിക്കുന്നതാണ്.

**<u>അപ്പീൽ:–</u>**

കമ്മീഷണറുടെ തീരുമാനത്തിനുമേൽ ആക്ഷേപമുണ്ടെങ്കിൽ ആയതിനുള്ള അപ്പീൽ അപേക്ഷ ബോർഡിന്റെ പരിഗണനയ്ക്കായി ചെയർമാന് സമർപ്പിക്കാവുന്നതാണ്. ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

## പദ്ധതിനമ്പർ എസ്.എ. 12

# അനുബന്ധത്തൊഴിലാളിയുടെ ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേക്കുള്ള ധനസഹായം

അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2000/– രൂപയാണ്. അനുബന്ധത്തൊഴിലാളിയുടെ അച്ഛൻ, അമ്മ, ഭാര്യ/ ഭർത്താവ് , മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

**അപേക്ഷ നൽകേണ്ട വിധം:–**

ഒരാളുടെ മരണത്തോടനുബന്ധിച്ച് ഒന്നിലധികം അനുബന്ധത്തൊഴിലാളികൾ അപേക്ഷകരായുണ്ടെങ്കിൽ സാമ്പത്തിക സഹായത്തുക അർഹരായ അപേക്ഷകർക്ക് തുല്യമായി വീതിച്ചോ, അവർ യോജിച്ച് രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അവരിൽ ഏതെങ്കിലും ഒരാൾക്കോ നൽകുന്നതാണ്.

ആശ്രിതൻ മരിച്ച് മൂന്ന് മാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ രണ്ട് പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം.

1. ആശ്രിതന്റെ മരണ സർട്ടിഫിക്കറ്റ്
2. മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ പകർപ്പ് – ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

തിരുവനന്തപുരം , ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ മേഖലകളിലെ റീജിയണൽ/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ :–**

അപ്പീൽ അപേക്ഷകൾ സമർപ്പിക്കേണ്ടത് കമ്മീഷണർക്കാണ്.

## പദ്ധതിനമ്പർ എസ്.എ. 13

# അപകടം മൂലം ഉണ്ടാവുന്ന താൽക്കാലിക അവശത

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**ധനസഹായത്തുക:-**

അവശത കാലത്തെ ആദ്യത്തെ 7 ദിവസത്തേക്ക് 100/- രൂപയും പിന്നീടുള്ള ഓരോ ദിവസത്തേക്ക് 15/- രൂപ വീതവും പരമാവധി 500/- രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകുന്നതാണ്.

കുറഞ്ഞത് 7 ദിവസമെങ്കിലും തൊഴിൽ ചെയ്യാൻ പറ്റാതെ വന്നാൽ മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**അപേക്ഷ നൽകേണ്ട വിധം:-**

അപകടം മൂലം അവശതയുണ്ടായാലുടനെ തന്നെ വിവരം ഫിഷറീസ് ഓഫീസറെ അറിയിക്കണം. ധനസഹായത്തിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ 2 പകർപ്പുകൾ തയ്യാറാക്കി അപകടം സംഭവിച്ച തിയ്യതി മുതൽ 3 മാസത്തിനകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം.

1. ചികിൽസിച്ച സർക്കാർ ഡോക്ടറിൽ നിന്നും ലഭിച്ച നിശ്ചിത ഫോറത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്
2. അപേക്ഷകന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരിപകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

അപേക്ഷയിൻമേൽ ഫിഷറീസ് ഓഫീസർ വിശദമായ അന്വേഷണം നടത്തുകയും അർഹതയുള്ള അപേക്ഷകൾ മാത്രം റീജിയണൽ എക്സിക്യൂട്ടീവിന് അയച്ചുകൊടുക്കു ന്നതുമാണ്. റീജിയണൽ എക്സിക്യൂട്ടീവ് ആണ് അപേക്ഷകളിൻമേൽ തീരുമാനം എടുക്കുന്നത്.

**അപ്പീൽ:-**

ഈ പദ്ധതി പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ കമ്മീഷണർക്കാണ് സമർപ്പിക്കേണ്ടത്.

**പദ്ധതിനമ്പർ എസ്.എ. 14**

## അനുബന്ധത്തൊഴിലാളികൾക്ക്  ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ  മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന അനുബന്ധത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം  നൽകുന്നതിനുള്ള പദ്ധതിയാണിത്.

**ധനസഹായത്തുക :-**

500 രൂപ മുതൽ 5000 രൂപ വരെ

**ധനസഹായം അനുവദിക്കുന്ന സാഹചര്യങ്ങൾ :-**

അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം അനുബന്ധത്തൊഴിലാളി മരണമടയുകയും കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാ താകുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കു പറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക. അഭയാർത്ഥി ക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെടുക. പാമ്പ്, പേനായ എന്നിവ കടിച്ചതു മൂലവും തീപൊള്ളലേറ്റും  ഇലക്ട്രിക് ഷോക്കേറ്റും  അടിയന്തിര ചികിൽസ വേണ്ടി വരിക. തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൌരവമനുസരിച്ച് ധനസഹായം അനുവദിക്കുന്നു.

**ധനസഹായം അനുവദിക്കുന്ന വിധം:-**

അപകടങ്ങളെപ്പറ്റിയും നാശനഷ്ടങ്ങളെപ്പററിയുമുള്ള വിവരങ്ങൾ ലഭിച്ചാലുടനെ  തന്നെ ബന്ധപ്പെട്ട മത്സ്യബോർഡ്  ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായ തുക അടിയന്തിര സന്ദർഭങ്ങളനുസരിച്ച് ഉടനടി വിതരണം ചെയ്യാൻ പറ്റാതെ വരുന്ന സന്ദർഭങ്ങളിൽ നിശ്ചിത ഫാറത്തിൽ അപേക്ഷ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**ധനസഹായം അനുവദിക്കൽ:-**

ഈ പദ്ധതി  ധനസഹായം അനുവദിക്കുന്നത് കമ്മീഷണറുടെ നിർദ്ദേശ പ്രകാരം മേഖല ഏക്സിക്യൂട്ടീവ്എക്സിക്യൂട്ടീവാണ്.

## പദ്ധതിനമ്പർ എസ്.എ. 15

# കായിക വിനോദ മത്സരങ്ങളിൽ വിജയം നേടുന്ന അനുബന്ധത്തൊഴിലാളിയുടെ മക്കൾക്ക് പ്രോത്സാഹന പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും , ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും , മെമേന്റോയും നൽകുന്നു.ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 1000/- രൂപ മുതൽ 10,000/- രൂപ വരെയാണ്.

എ) ദേശീയതലത്തിൽ (വ്യക്തിഗതം)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 10,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 8,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് | : | 5,000/- രൂപ |

ബി) ദേശീയതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 8,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |

സി) സംസ്ഥാനതലത്തിൽ (വ്യക്തിഗതം)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 2,000/- രൂപ |

ഡി) സംസ്ഥാനതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 2,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 1,000/- രൂപ |

മത്സ്യബോർഡിൽ സജീവ അംഗത്വമുള്ളവരുടെ മക്കൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുള്ളൂ. ഇത് സംബന്ധിച്ച് ബോർഡിന്റെ കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് നിശ്ചിത സമയത്തിനകം അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

താഴെ പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. രക്ഷിതാവിന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ ശരി പകർപ്പ്
2. വിജയം കൈവരിച്ച മത്സര സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

## മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള പുതിയ പദ്ധതികൾ

സർക്കാർ കത്ത് നംബി .3/28/2023/മ- .വ.ഇ.തിയിതി–13.04.2023– പ്രകാരം സർക്കാർ അംഗീകരിച്ച പുതിയ പദ്ധതികൾ

### 1.അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം

ആപൽക്കരമായ സാഹചര്യത്തിൽ ജോലി ചെയ്യുന്ന മത്സ്യബന്ധന തൊഴിലാളികൾക്ക് തൊഴിലിനിടെ അപകടം സംഭവിച്ച്, മത്സ്യമേഖലയിലെ തൊഴിൽ ചെയ്യുന്നതിന് തടസ്സം നേരിടുന്നു. ഇത്തരത്തിലുള്ളവരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മത്സ്യബന്ധനത്തിൽ/ അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്.

പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/– രൂപയാണ്.

അപേക്ഷിക്കാനുള്ള അർഹത

മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളിയായി ജോലിയിൽ ഏർപ്പെടുന്ന സമയത്ത് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചവർക്കും , പക്ഷാഘാതം , ഹൃദ്രോഗം എന്നിവ വന്ന് മത്സ്യ/ അനുബന്ധമേഖലയിൽ ജോലി ചെയ്യാനാവാത്തവർക്കുമാണ് പദ്ധതിയുടെ അർഹത. 40% അധികം വൈകല്യം ഉള്ളവരെയാണ്പദ്ധതിക്കായി

പരിഗണിക്കുന്നത്. ഹൃദ്രോഗം, പക്ഷാഘാതം എന്നിവ വന്ന്മത്സ്യത്തൊഴിൽ ചെയ്യാൻകഴിയാത്തവരെയും പദ്ധതിക്കായി പരിഗണിക്കാവുന്നതാണ്.

നിബന്ധനകൾ

1. ഒരാൾക്ക് ഒരു തവണ മാത്രമേ ധനസഹായം ലഭ്യമാവുകയുള്ളൂ
2. സ്വയം തൊഴിൽ ചെയ്യുന്നതിന് സന്നദ്ധതയുണ്ടായിരിക്കണം
3. മത്സ്യബന്ധനം നടത്തുമ്പോൾ / അനുബന്ധത്തൊഴിൽ ചെയ്യുന്നതിനിടെ ഉണ്ടായ അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് മത്സ്യത്തൊഴിലിൽ ഏർപ്പെടാൻ കഴിയുകയില്ല എന്നോ പക്ഷാഘാതം , ഹൃദ്രോഗം എന്നിവ വന്ന് മത്സ്യതൊഴിലിൽ ഏർപ്പെടാൻ കഴിയുകയില്ലാ എന്ന് ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ ശുപാർശ ചെയ്തിരിക്കണം

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

അപേക്ഷ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. കമ്മീഷണർ ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

**ആവശ്യമായ രേഖകൾ**

1. അപകടത്തിൽ പെട്ടാണ് അംഗവൈകല്യം സംഭവിച്ചത് എന്നതു സാക്ഷ്യപ്പെടുത്തുന്ന സർക്കാർ സർവ്വീസിലുള്ള ഡോക്ടറുടെ രേഖ
2. പക്ഷാഘാതം , ഹൃദ്രോഗം എന്നിവ വന്ന് മത്സ്യമേഖലയിലെ തൊഴിൽ ചെയ്യാൻ കഴിയുകയില്ല എന്ന സർക്കാർ സർവ്വീസിലുള്ള ഡോക്ടറുടെ സാക്ഷ്യപത്രം
3. അംഗവൈകല്യത്തിന്റെ തോത് സംബന്ധിച്ച ഡോക്ടറുടെ /മെഡിക്കൽ ബോർഡിന്റെ രേഖ
4. ചെയ്യുന്ന /ചെയ്യാനുദ്ദേശിക്കുന്ന തൊഴിൽ സംബന്ധിച്ച പ്രൊപ്പോസൽ

**അപ്പീൽ**

ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് പരാതികൾ ഉണ്ടെങ്കിൽ അപേക്ഷ നിരസിച്ച് 30 ദിവസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

## 2. 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി

മത്സ്യബോർഡിൽ അംഗങ്ങളായി വിരമിച്ചവരെയും 60 വയസ്സ് പൂർത്തിയായ അംഗങ്ങളെയും ആദരിക്കുന്നതിലൂടെ അവരുടെ പ്രവർത്തന പരിചയം വഴി നേടിയെടുത്ത അറിവുകളും നിർദ്ദേശങ്ങളും പൊതു സമൂഹത്തിന് ലഭിക്കുകയും അവ പ്രാവർത്തികമാക്കി തൊഴിലാളിമേഖലയിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിനു വേണ്ടി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്.

ഓരോ ഫിഷറീസ് ഓഫീസിന് പദ്ധതി നടത്തിപ്പിനായി പരമാവധി 10000/- രൂപ അനുവദിക്കുന്നതാണ്.

## 3.പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതി

മത്സ്യമേഖലയിൽ ജോലി ചെയ്ത് വരുന്ന ക്ഷേമനിധി അംഗങ്ങളിൽ കലാ വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ പൊതു സമൂഹത്തിൽ ആദരിക്കുന്നതിനുവേണ്ടി പദ്ധതിയാണിത്. ഫിഷറീസ് ഓഫീസിന്റെ പരിധിയിലുള്ള അർഹരായ പ്രതിഭകളുടെ പട്ടിക ഫിഷറീസ് ഓഫീസർ റീജിയണൽ എക്സിക്യൂട്ടീവ് , ഡയറക്ടർ ബോർഡ് മെമ്പർ എന്നിവരടങ്ങിയ കമ്മിറ്റി തയ്യാറാക്കേണ്ടതാണ്.

മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കാളാണ്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

## 4. ചെയർമാന്റെ ദുരാതാശ്വാസ നിധി

കടൽക്ഷോഭമോ സമാനമായ പ്രകൃതി ദുരന്തങ്ങൾ മൂലം മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായോ , ഭാഗികമായോ തകർന്നവരോ പ്രകൃതി ദുരന്തത്തിൽ അംഗത്തിന് അടിയന്തിര ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്.

മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

ഈ പദ്ധതിയിൽ നിന്നും അനുവദിക്കാവുന്ന പരമാവധി തുക 25,000/- രൂപ ആയിരിക്കും.ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ മുമ്പാകെ തെളിവുകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്.

**നിബന്ധനകൾ**

അപേക്ഷകന് നഷ്ടം വന്ന തുക സംബന്ധിച്ച ഉടമസ്ഥാവകാശ രേഖ ഉണ്ടായിരിക്കണം, നാശനഷ്ടം സംഭവിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകിയിരിക്കണം. ഫിഷറീസ് ഓഫീസിന്റെ പരിധിയിൽ സംഭവിച്ച നാശനഷ്ടങ്ങളെപ്പറ്റിയുള്ള ഫിഷറീസ് ഓഫീസറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സാഹചര്യത്തിന്റെ ഗൌരവമനുസരിച്ച് ബോർഡ് ചെയർമാന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷണർ തുക അനുവദിക്കുന്നു.

## 5. ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ

ജീവിത ക്ലേശം അനുഭവിക്കുന്ന നിർദ്ധനരായ മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ഫലപ്രദമായി സേവനങ്ങൾ നൽകുന്നതിനും അവരുടെ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഓഫീസിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും സഹായകരമാകുന്ന തരത്തിലുള്ള മെച്ചപ്പെട്ട ഓഫീസ് മുറികളും, മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിനായി ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി

നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൌകര്യങ്ങൾ ഏപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്.

ഇതുവഴി ഫിഷറീസ് ഓഫീസ് സുഗമമായി പ്രവർത്തിക്കുന്നതിനുവേണ്ട കമ്പ്യൂട്ടർ, പ്രിന്റർ സ്കാനർ തുടങ്ങിയ ഉപകരണങ്ങളും , ആവശ്യമായ ഫർണിച്ചറുകൾ , ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയവയും മറ്റ് അനുബന്ധസൌകര്യങ്ങളും ഇതുവഴി ലഭ്യമാക്കാവുന്നതാണ്.

ഓരോ ഫിഷറീസ് ഓഫീസിലും ആവശ്യമായിവരുന്ന സാധന സമാഗ്രികൾക്കും ഓഫീസ് സൌകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും വേണ്ടി വരുന്ന തുക സമാഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ സഹായം തേടാവുന്നതാണ് ബോർഡിന്റെ തനതു ഫണ്ട് ഈ പദ്ധതിക്കായി ഉപയോഗിക്കുന്നതല്ല.

**സ .നം.ഉ.457/2024/F&P– തീയതി–06.08.2024– .പ്രകാരം സർക്കാർ അംഗീകരിച്ച പുതിയ പദ്ധതികൾ**

## 6.സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായിധനസഹായം നൽകുന്ന പദ്ധതി

MBBS, BDS, BAMS, BHMS,പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോപോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 1ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത് .

<u>അപേക്ഷിക്കാനുള്ള അർഹത</u>

**MBBS**( Bachelor of Medicine, Bachelor of Surgery), **BDS**(Bachelor of Dental Surgery),**BAMS**(Bachelor of Ayurvedic Medicine and Surgery, **BHMS** (Bachelor of Homeopathy Medicine and Surgery)Paramedical എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വാശ്രയ കോളേജുകളിലോ , വിദേശ സ്ഥാപനങ്ങളിലോ പഠിക്കുന്ന കുട്ടികൾക്ക് ഉളള ക്ഷേമനിധി അംഗങ്ങൾ

<u>നിബന്ധനകൾ</u>

1. അപേക്ഷകന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം
2. അംഗത്തിന്റെ ഒരു കുട്ടിക്കു മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ
3. വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ പരമാവധി വയസ്സ് 25 ആയിരിക്കണം
4. വിദ്യാർത്ഥി/ വിദ്യാർത്ഥിനിക്ക് ഈ കോഴ്സ് ചെയ്യുന്നതിന് സർക്കാരിൽ നിന്ന് ഏതെങ്കിലും വിധത്തിൽ ധനസഹായം / ഫീസിളവ് ഉണ്ടായിരിക്കരുത്.
5. വിദ്യാർത്ഥി കോഴ്സിന് ചേർന്ന് ഒന്നാം വർഷം തന്നെ അപേക്ഷ നൽകേണ്ടതാണ്.
6. ഒന്നാം വർഷത്തിനു ശേഷം അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കുന്നതല്ല

## അപേക്ഷ സമർപ്പിക്കേണ്ട വിധം

ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. കമ്മീഷണർ ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

## ധനസഹായം അനുവദിക്കുന്നതിനു വേണ്ട രേഖകൾ

1. കോഴ്സ് ചെയ്യുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം

2. S.S.L.C– PLUS TWO പാസ്സായരേഖകൾസാക്ഷ്യപ്പെടുത്തിയത്

3.സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖ (ബന്ധപ്പെട്ടസർക്കാർ/ കൌൺസിൽ/സർവ്വകലാശാലനൽകിയത്)

4.വിദേശത്താണെങ്കിൽ Times Higher Education World University Rankings വരുന്നസർവ്വ കലാശാലകളിൽഅഫിലിയേറ്റ്ചെയ്തസ്ഥാപനംആയിരിക്കണം)

5.പാസ്പോർട്ട് സൈസ് ഫോട്ടോ

6.ആധാർകാർഡിന്റെ പകർപ്പ്

7.ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

## ധനസഹായം അനുവദിക്കുന്ന വിധം

കൂടുതൽ അപേക്ഷകൾ ലഭിക്കുന്നപക്ഷം താഴെ പറയുന്ന രീതിയിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നതാണ്.

1. പ്ലസ്-2 തലത്തിൽ ഏറ്റവും കൂടുതൽ ശതമാനം മാർക്ക് വാങ്ങിയ വിദ്യാർത്ഥി/ വിദ്യാർത്ഥിനി
2. ഏറ്റവും കുറഞ്ഞ കുടംബ വാർഷിക വരുമാനം ഉള്ള ക്ഷേമനിധി അംഗത്തിന്റെ മകൻ/മകൾ
3. ക്ഷേമനിധി അംഗത്തിന്റെ മത്സ്യബോർഡിലെ സീനിയോറിറ്റി (അംഗത്വം ലഭിച്ചത് സംബന്ധിച്ച്)

ബന്ധപ്പെട്ട ഫിഷറീസ് ഓഫീസറുടെയും റീജിയണൽ എക്സിക്യൂട്ടീവിന്റെയും ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷണർ ആണ് ധനസഹായം അനുവദിക്കുന്നത്. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്ന് ക െത്തിയാൽ മുഴുവൻ തുകയും 12% പലിശ സഹിതം തിരിച്ചടക്കേ താണ്. തിരിച്ചടക്കുന്നതിന് നോട്ടീസ് നൽകിയിട്ടും നിശ്ചിത സമയത്തിനകം തുക തിരിച്ചടക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടി കൾ സ്വീകരിക്കുന്നതാണ്.

## അപ്പീൽ

ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് പരാതികൾ ഉ െ ങ്കിൽ അപേക്ഷ നിരസിച്ച് 60 ദിവസത്തിനകം ബോർഡ് മുമ്പാകെ സമർപ്പിക്കേ താണ്.

## 7.ഗ്രന്ഥശാല / വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി

ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി ഫിഷറീസ് ഓഫീസ് പരിധിയിലെ തെരെഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലക്ക് 20,000 രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു .

നിബന്ധനകൾ

സാധ്യതയുള്ള ലൈബ്രറി കൊൺസിൽ രജിസ്ട്രേഷനോ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനോ ഉണ്ടായിരിക്കണം. കുറഞ്ഞത് 250 പുസ്തകങ്ങൾ ഉണ്ടായിരിക്കണം

1. 50 പേരിൽ അധികം അംഗത്വം ഉണ്ടായിരിക്കണം
2. ഒരു ഗ്രന്ഥശാലയ്ക്ക് ഒരിക്കൽ മാത്രമേ ധനസഹായം നൽകുകയുള്ളൂ
3. ധനസഹായ തുക ഗ്രന്ഥശാലയുടെ ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കാവൂ.
4. ഗ്രന്ഥശാലയ്ക്ക് അംഗീകാരമുള്ള ലൈബ്രറിയൻ ഉണ്ടായിരിക്കണം. പുതുതായി രൂപീകരിക്കുന്ന ഗ്രന്ഥശാലയ്ക്ക് രജിസ്ട്രേഷൻ ലഭ്യമായശേഷം അപേക്ഷിക്കാവുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട വിധം

ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. യോഗ്യതയുള്ള അപേക്ഷകൾ മുൻഗണനാക്രമത്തിൽ ശുപാർശയോടെ ഫിഷറീസ് ഓഫീസർ മേഖല എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്ത ഗ്രന്ഥശാലയ്ക്കാണ് ആദ്യ പരിഗണന നൽകേണ്ടത്.

ധനസഹായം അനുവദിക്കുന്നതിനുവേണ്ട രേഖകൾ

1. ലൈബ്രറി കൌൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
2. അംഗത്വം പുസ്തകങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസറുടെ റിപ്പോർട്ട്
3. ഗ്രന്ഥശാല പ്രവർത്തിക്കുന്ന കെട്ടിടം സംബന്ധിച്ച ഉടമസ്ഥാവകാശ രേഖ
4. വാങ്ങിയ സാമഗ്രികളുടെ ബിൽ

## ധനസഹായം അനുവദിക്കുന്ന വിധം

ഫിഷറീസ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതത് മേഖല എക്സിക്യൂട്ടീവുമാരാണ് ഗ്രന്ഥശാലകളെ തെരെഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകളുടെ പട്ടിക മുൻഗണനാടിസ്ഥാനത്തിൽ ഫിഷറീസ് ഓഫീസ് തലത്തിൽ മേഖല എക്സിക്യൂട്ടീവ് പ്രസിദ്ധപ്പെടുത്തേ താണ്. തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലയ്ക്ക് തുക അനുവദിക്കുന്നത് കമ്മീഷണർ ആയിരിക്കും.

### അപ്പീൽ

ഈ പദ്ധതി പ്രകാരം ഗ്രന്ഥശാലകളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച പരാതികൾ ഉ ങ്കിൽ അപേക്ഷ നിരസിച്ച് 30 ദിവസത്തിനകം ബോർഡ് മുമ്പാകെ സമർപ്പിക്കേ താണ്.

### 8.മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ

പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും, അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽരക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്ഈ പദ്ധതി പ്രകാരം ഒരു ഫിഷറീസ് ഓഫീസിന്പരമാവധി 5000രൂപയാണ് ലഭിക്കുന്നത്ൺസർഷിപ്പിലൂടെ അധികമായി വരുന്ന ചെലവുകൾ സ്പോ. കണ്ടെത്താവുന്നതാണ്

### നിബന്ധനകൾ

1. അപേക്ഷകർ കടലിലോ, കായലിലോ മത്സ്യബന്ധനം നടത്തുന്നവരായിരിക്കണം
2. പ്രായപരിധി 18-35 നും മദ്ധ്യേ
3. അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് സന്നദ്ധരായിരിക്കണം
4. നീന്തൽ അറിഞ്ഞിരിക്കണം.

### രേഖകൾ

1. അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് സന്നദ്ധ സേവനം നൽകാൻ തയ്യാറാണെന്ന് സ്വയം തയ്യാറാക്കിയ സാക്ഷ്യപത്രം.
2. വയസ്സ് തെളിയ്ക്കുന്നതിനുള്ള രേഖ
3. നീന്തൽ അറിയാമെന്നുള്ളതിന് സ്വയം തയ്യാറാക്കിയ സാക്ഷ്യപത്രം

തെരെഞ്ഞെടുപ്പ്

ലഭ്യമായ അപേക്ഷകളിൽ നിന്ന് ഫിഷറീസ് ഓഫീസ് തലത്തിൽ പരമാവധി 10 പേരുടെ പട്ടിക ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർമാർ തയ്യാറാക്കേണ്ടതാണ്.

പരിശീലനം

തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കേണ്ടതാണ്. കോസ്റ്റൽ പോലീസുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനവും സംഘടിപ്പിക്കുന്നതാണ്.

## 9.മത്സ്യ,അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ്

## സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും , ക്ഷേമ നിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ,അനുബന്ധത്തൊഴിലാളി സമൂഹത്തില് എത്തിക്കുന്നതിനും , മത്സ്യ, അനുബന്ധത്തൊഴിലാളികളിൽ ആയത് സംബന്ധിച്ച അവബോധംസൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഓരോ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി 15000/- രൂപ ബന്ധപ്പെട്ട മേഖല എക്സിക്യൂട്ടീവിന് അനുവദിക്കുന്നു(14 ജില്ലകൾക്ക്). KILE (Kerala Institute of Labour and Employment)-യുടെ സഹകരണത്തോടെ 14 ജില്ലകളിലും ബോധവൽക്കരണ പരിപാടി നടപ്പാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അധികമായി വരുന്ന ചെലവുകൾ KILE (Kerala Institute of Labour and Employment)-യിൽ നിന്നും സ്പോൺസർഷിപ്പിലൂടെയും കണ്ടെത്തുന്നു.

പദ്ധതി നടപ്പാക്കും വിധം

ഒരോ ജില്ലയിലും ഒരു പരിപാടി വീതം സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പരിപാടിയിൽ പങ്കെടുക്കേണ്ടവരുടെ പട്ടിക ഓരോ ഫിഷറീസ് ഓഫീസിനും ആനുപാതിക പ്രാതിനിധ്യം വരത്തക്കവിധം മേഖല എക്സിക്യൂട്ടീവ് തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ പട്ടികയിലുള്ളവർക്ക് KILE യുടെ സഹകരണത്തോടെ പരിശീലനം അനുയോജ്യമായ സ്ഥലത്ത് വെച്ച്നടത്തുന്നു.

## 10.മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി

അപകടത്തിൽ പെടുന്ന യാനങ്ങൾക്കും അവയിലെ ഉപകരണങ്ങൾക്കുംഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായിമത്സ്യബന്ധനയാനങ്ങൾക്കും, വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.ഈ പദ്ധതി നടപ്പാക്കുന്നതിനായി, രജിസ്റ്റർ ചെയ്ത എല്ലാ യാനം ഉടമകളിൽ നിന്നും നിശ്ചിത തുക സ്വീകരിക്കുന്നു.ഇങ്ങനെ ലഭിക്കുന്ന തുകയിൽ നിന്നുമാണ് നിശ്ചിത തുക ആശ്വാസമായി നൽകുന്നത് .യാനം ഉടമകളിൽ നിന്നും ലഭിക്കുന്ന തുകയിൽ നിന്നു മാത്രമാണ് ഈ ആശ്വാസ ധനസഹായം നൽകുന്നത് എന്നതിനാൽ ബോർഡിന്റെ തനതുഫണ്ട് ഈ പദ്ധതിക്കായി ഉപയോഗിക്കുന്നില്ല.

### ധനസഹായം അനുവദിക്കുന്ന വിധം

അപകടം സംഭവിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകിയിരിക്കണം. അപകടങ്ങളിൽ പൂർണ്ണമായോ, ഭാഗികമായോ തകർന്ന യാനങ്ങൾക്കും പൂർണ്ണമായി നഷ്ടപ്പെട്ട വലക്കും ആണ് തുക അനുവദിക്കുന്നത്. നഷ്ടത്തിന്റെ 50 % തുകയോ പരമാവധി 1 ലക്ഷം രൂപയോ ആണ് ധനസഹായമായി അനുവദിക്കുന്ന തുക. അപേക്ഷകർക്കു വന്ന നഷ്ടം ഫിഷറീസ് ഓഫീസറാണ് കണക്കാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ടി തുക ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ കമ്മീഷണർ അനുവദിക്കുന്നു.

### അപേക്ഷയോടൊപ്പം വേണ്ട രേഖകൾ

1. പൂർണ്ണമായി നഷ്ടം സംഭവിച്ച യാനത്തിന്റെ രജിസ്ട്രേഷൻ , വില സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.
2. ഭാഗികമായി നഷ്ടം സംഭവിച്ച യാനം ആണെങ്കിൽ സംഭവിച്ച നഷ്ടം സംബന്ധിച്ച രേഖകൾ, രജിസ്ട്രേഷൻ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.
3. യാനത്തിന്റെ ക്ഷേമനിധി വിഹിതം നിശ്ചിത സമയത്തിനകം അടച്ചിട്ടുണ്ടായിരിക്കണം
4. നഷ്ടം സംഭവിച്ചത് ഊന്നി/ചീന വലകൾക്ക് ആണെങ്കിൽ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ
5. ഊന്നി /ചീനവലകളുടെ ഉടമസ്ഥർ ക്ഷേമനിധി വിഹിതം കൃത്യമായി അടച്ചിരിക്കണം
6. മത്സ്യബന്ധന വല/ ഉപകരണങ്ങൾ ആണ് നഷ്ടപ്പെട്ടതെങ്കിൽ ആയത് വാങ്ങിയതു സംബന്ധിച്ച രേഖ
7. അപകടം/നഷ്ടം സംബന്ധ്ച്ച എഫ് ഐ ആർ , ഫോട്ടോ ഉൾപ്പെടെയുള്ള തെളിവുകൾ

രജിസ്റ്റർ ചെയ്ത എല്ലാ യാനം ഉടമകളിൽ നിന്നും ലഭിക്കുന്ന തുക മത്സ്യബോർഡ് കമ്മീഷണറുടെ പേരിലുള്ള പ്രത്യേക അക്കൌണ്ടിൽ നിക്ഷേപിക്കുകയും ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ഫിഷറീസ് ഓഫീസർ മേഖല എക്സിക്യൂട്ടീവ് എന്നിവർ ആവശ്യമായ അന്വേഷണം നടത്തി , സമർപ്പിക്കുന്ന റിപ്പോട്ടിന്റെ അടിസ്ഥാനത്തിൽകമ്മീഷണർ ഗുണഭോക്താവിന് ആനുകൂല്യം അനുവദിക്കുന്നു .

11 ..**<u>കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക്</u>**

**<u>തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി</u>**

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർപരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് രൂപ50,000ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പ്രസ്തുത തുക മത്സ്യബോർഡിന്റെ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്.

**<u>നിബന്ധനകൾ</u>**

a) അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം 1ലക്ഷം രൂപയിൽ താഴെ ആയിരിക്കണം
b) കായികപ്രതിഭയുടെ പരമാവധി വയസ്സ് 28 ആകണം .
c) ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ നടത്തുന്ന സർക്കാർ സ്പോട്സ് അതോറിറ്റി ഓഫാ ഇന്ത്യ (SAI) അംഗീകരിച്ച മത്സരങ്ങളിൽ ആദ്യ മൂന്നു സ്ഥാനത്ത് എത്തിയിരിക്കണം
d) തുടർപരിശീലനത്തിന് ചേരുന്നത് സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോസ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെയോ/ അംഗീകാരം ഉള്ള പരിശീലകന്/പരിശീലന കേന്ദ്രത്തിന് കീഴിലായിരിക്കണം/
e) ഒരാൾക്ക് ഒരു തവണ മാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളൂ.
f) അപേക്ഷകൻ തിരഞ്ഞെടുത്ത മത്സര ഇനത്തിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ഉണ്ടായിരിക്കണം.
g) ഇതേ ആവശ്യത്തിനായി സർക്കാരിൽ നിന്നോ മറ്റു സംഘടനകളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാൻ അർഹതയില്ല.

**<u>ധനസഹായം അനുവദിക്കുന്നതിന് വേണ്ട രേഖകൾ</u>**

1. ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ മത്സരങ്ങളിൽ ആദ്യ മൂന്നു സ്ഥാനത്ത് എത്തി എന്നതിന്റെ രേഖ ഗസറ്റഡ് ഉദ്യോഗസ്ഥൻ .ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയത്/
2. കുടുംബത്തിന്റെ വാർഷികവരുമാനം തെളിയിക്കുന്ന രേഖ
3. തുടർപരിശീലനത്തിന് ചേർന്ന പരിശീലന കേന്ദ്രത്തിന്റെ പരിശീലകന്റെ അംഗീകാരം/ സംബന്ധിച്ച രേഖ.
4. തുടർ പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ പരിശീലനത്തിന് ചേർന്നതായി സ്ഥാപനം നൽകുന്ന സാക്ഷ്യപത്രം.

## ധനസഹായം അനുവദിക്കുന്ന വിധം

ധനസഹായത്തിനായി അപേക്ഷ അതത് ഫിഷറീസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകൾ ശിപാർശ സഹിതം മുൻഗണനാക്രമത്തിൽ ഫിഷറീസ് ഓഫീസർ മേഖല എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതാണ്. ഫിഷറീസ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേഖല എക്സിക്യൂട്ടീവുമാരാണ് ധനസഹായം അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്. ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളുടെ പട്ടിക ഫിഷറീസ് ഓഫീസ് തലത്തിൽ മേഖല എക്സിക്യൂട്ടീവുമാർ പ്രസിദ്ധീകരിക്കേണ്ടതാണ്. ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിലായിരിക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ധനസഹായത്തിനായി കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന പക്ഷം താഴെ പറയുന്ന പ്രകാരം മുൻഗണനാക്രമം നിശ്ചയിക്കുന്നതാണ്:

a) ദേശീയ തലത്തിൽ ഏറ്റവും മികച്ച വിജയം നേടിയ മത്സാരാർത്ഥി
b) ഏറ്റവും കുറഞ്ഞ വാർഷിക വരുമാനമുള്ള ക്ഷേമനിധി അംഗത്തിന്റെ മകൻ/മകൾ .
c) ക്ഷേമനിധി അംഗത്തിന്റെ മത്സ്യബോർഡ് അംഗത്വം ലഭിച്ചത് സംബന്ധിച്ച സീനിയോറിറ്റി

തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത് എന്ന് കണ്ടെത്തിയാൽ ധനസഹായം ലഭിച്ച മുഴുവൻ തുകയും 12 % പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ് . തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടും നിശ്ചിത സമയത്തിനകം തുക തിരിച്ചടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്.

### അപ്പീൽ

അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ നടപടി സ്വീകരിച്ച് 30 ദിവസത്തിനകം ബോർഡ് കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതാണ്.

## 12.അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചിലവിനായി ധനസഹായംനൽകുന്ന പദ്ധതി

കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾക്ക് യാത്രാ ചെലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യതനേടിയ കായിക പ്രതിഭകളുടെ യാത്രാചെലവിനായി പരമാവധി ഒരാൾക്ക് 1 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

### നിബന്ധനകൾ

a)അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം

b) കായികപ്രതിഭയുടെ പരമാവധി വയസ്സ് 32 ആണ് .

c) ഇതേ ആവശ്യത്തിനായി സർക്കാരിൽ നിന്നോ മറ്റു സംഘടനകളിൽ നിന്നോ ധനസഹായമോ യാത്രാ ടിക്കറ്റ് നിരക്കിൽ ഇളവോ ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാൻ അർഹതയില്ല.

d) അപേക്ഷകൻ തിരഞ്ഞെടുത്ത മത്സര ഇനത്തിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (SAI) അംഗീകാരം ഉണ്ടായിരിക്കണം.

e) ഒരാൾക്ക് ഒരു തവണ മാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

f) പങ്കെടുക്കുന്ന മത്സരം കേന്ദ്രസർക്കാർ അതോറിറി സ്പോർട്സ്/സംസ്ഥാന സർക്കാർ / ഓഫ് ഇന്ത്യകരിച്ചതായിരിക്കണംഅസോസിയേഷൻ അംഗീഇന്ത്യൻ ഒളിബിക്സ്/

### ധനസഹായം അനുവദിക്കുന്നതിന് വേണ്ട രേഖകൾ

1. അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയത് തെളിയിക്കുന്ന രേഖ .
2. കുടുംബത്തിന്റെ വാർഷികവരുമാനം തെളിയിക്കുന്ന രേഖ
3. യാത്രാചിലവ് തെളിയിക്കുന്ന രേഖ

### ധനസഹായം അനുവദിക്കുന്ന വിധം

ധനസഹായത്തിനായി അപേക്ഷ അതത് ഫിഷറീസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകൾ ശിപാർശ സഹിതം മുൻഗണനാക്രമത്തിൽ ഫിഷറീസ് ഓഫീസർ മേഖല എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതാണ്. ഫിഷറീസ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേഖല എക്സിക്യൂട്ടീവുമാരാണ് ധനസഹായം അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് കമ്മീഷണർക്ക് ശിപാർശ ചെയ്യുന്നത് . ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ തുക അനുവദിക്കുന്നു.

### അപ്പീൽ

അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ നടപടി സ്വീകരിച്ച് 30 ദിവസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

## 13.**<u>ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും റായ കുട്ടികൾക്കുംഭർത്താവിനും മൈന/ മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി</u>**

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തികപ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ടമത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ **18** വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി **25000** രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

<u>അപേക്ഷിക്കാനുള്ള അർഹത</u>

ക്ഷേമനിധി അംഗങ്ങളുടെ ഭാര്യ / ഭർത്താവ്, 18 വയസ്സിൽ താഴെയുള്ള മക്കൾ എന്നിവർക്കാണ് ഈ പദ്ധതി ആനുകൂല്യത്തിനായി അപേക്ഷിക്കുന്നതിന് അർഹത.

<u>നിബന്ധനകൾ</u>

a) അപേക്ഷകന്റെ വാർഷികവരുമാനം 1ലക്ഷം രൂപയിൽ താഴെ ആയിരിക്കണം
b) മാരകരോഗം സംഭവിച്ച് 60 ദിവസത്തിനകം ധനസഹായത്തിനായി അപേക്ഷ നൽകേണ്ടതാണ്.
c) പ്രതിവർഷം ഒരു കുടുംബത്തിൽ നിന്നും ഒരു ഗുണഭോക്താവിനുമാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ

**<u>ധനസഹായം അനുവദിക്കുന്ന വിധം</u>**

ധനസഹായത്തിനായി അപേക്ഷ അതത് ഫിഷറീസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകൾ ശിപാർശ സഹിതം മുൻഗണനാക്രമത്തിൽ ഫിഷറീസ് ഓഫീസർ മേഖല എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതാണ്. ഫിഷറീസ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേഖല എക്സിക്യൂട്ടീവുമാരാണ് ധനസഹായം അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളെ ശിപാർശ ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ തുക അനുവദിക്കുന്നു.

**<u>അപ്പീൽ</u>**

അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ നടപടി സ്വീകരിച്ച് 30 ദിവസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

## 14 യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്ന് ,രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി

ക്ഷേമനിധി അംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അവരെ സാമ്പത്തിക ഭദ്രതയുള്ളവരാക്കിമാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായിമത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസപരമായ മുന്നേറ്റം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണിത്

ഈ പദ്ധതി പ്രകാരംയൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ,ബിരുദാനന്തരപരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന വർക്ക് 10,000/- രൂപയും, രണ്ടാം റാങ്ക് നേടുന്നവർക്ക് 9000/- രൂപയും മൂന്നാം റാങ്ക് നേടുന്നവർക്ക് 8000/- രൂപയും നൽകുന്നതാണ്.

### അപേക്ഷിക്കാനുള്ളഅർഹത

അസോസിയേഷൻ ഓഫ്ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അംഗീകരിച്ച യൂണിവേഴ്സിറ്റികൾ നടത്തുന്ന ബിരുദ ബിരുദാനന്തര പരീക്ഷകളിൽ ഒന്ന്, രണ്ട്, മൂന്ന്, റാങ്ക്നേടുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

### അപേക്ഷ സമർപ്പിക്കേണ്ട വിധം

ഓരോ വർഷവും പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം കമ്മീഷണർ ഈ പദ്ധതി സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ രക്ഷിതാവ് മുഖേനയോ നിശ്ചിത സമയത്ത്അപേക്ഷ ബന്ധപ്പെട്ടഫി ഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷ വെള്ളകടലാസിൽ തയ്യാറാക്കിയാൽമതിയാകും. വിദ്യാർഥികളുടെയും രക്ഷിതാവിന്റെയും പേരും മേൽവിലാസവും, വിദ്യാർത്ഥിയുടെ വയസ്സ്, പഠിച്ചകോഴ്സ്, പഠിച്ചസ്ഥാപനം, അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അംഗീകരിച്ച സർവകലാശാല സംബന്ധിച്ച വിശദാംശങ്ങൾ, പരീക്ഷക്ക് ലഭിച്ചമാർക്ക്, റാങ്ക്, രക്ഷിതാവിന്റെ മത്സ്യബോർഡ് അംഗത്വനമ്പർ, മത്സ്യഗ്രാമം, ക്ഷേമനിധിവിഹിതം സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ അപേക്ഷയിൽ ഉണ്ടായിരിക്കണം. താഴെപറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

1.ബിരുദസർട്ടിഫിക്കറ്റിന്റെയും മാർക്ക് ലിസ്റ്റിന്റെയും പകർപ്പ്. (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് )

2.വിദ്യാർത്ഥിക്ക് സർവകലാശാലയിൽ നിന്നും ലഭിക്കുന്ന റാങ്ക് സർട്ടിഫിക്കറ്റ് (പ്രൊവിഷണൽ/അസ്സൽ) ശരിപ്പകർപ്പ്. (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് )

3.രക്ഷിതാവിന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ പകർപ്പ്. (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് )

നിബന്ധനകൾ

1.സമർപ്പിക്കുന്നസമയത്ത് വിദ്യാർത്ഥിയുടെ പിതാവിന്/മാതാവിന്ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കണം.

2.അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അംഗീകരിച്ച യൂണിവേഴ്സിറ്റി നടത്തുന്നബിരുദ ബിരുദാനന്തര പരീക്ഷകളിൽ റാങ്ക്നേടുന്നവരെ മാത്രമേ അവാർഡിന് പരിഗണിക്കുകയുള്ളൂ.

അപ്പീൽ

ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന്പരാതികൾ ഉണ്ടെങ്കിൽ അപേക്ഷ നിരസിച്ച് 30 ദിവസത്തിനകം ചെയർമാൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

## പ്രത്യേക പദ്ധതികൾ

1. **തണൽ**

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി /അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽഎൻറോൾചെയ്ത മത്സ്യത്തൊഴിലാളികൾക്കും , അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെഎണ്ണം എണ്ണം | വിനിയോഗിച്ചതുക |
|---|---|---|
| 2020-21 | 1,93,704 | 11,73,70,600 |
| 2021-22 | 1,65,803 | 11,56,94,900 |
| 2022-23 | 50,000 | 5,00,00,000 |
| 2023-24 | 1,00,630 | 10,06,29,971 |
| 2024-25 | 75,000 | 7,50,00,000 |

## 2. സാന്ത്വനതീരം

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം പരിഗണിക്കുന്ന രോഗങ്ങളും ധനസഹായം സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക (മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, പെൻഷണർ) (രൂപയിൽ) |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/- |
| 3 | കരൾരോഗം | 20,000/- |
| 4 | കാൻസർ | 50,000/- |
| 5 | കണ്ണ് ചികിൽസ | 10,000/- |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പരോഗം | 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- |
| 8 | ഓട്ടിസംചികിൽസ (മത്സ്യത്തൊഴിലാളിയുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 20,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി ) | 10,000/- |

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു

| **വർഷം** | **ഗുണഭോക്താക്കളുടെഎണ്ണം എണ്ണം** | **വിനിയോഗിച്ചതുക** |
|---|---|---|
| 2021-22 | 178 | 40,46,055 |
| 2022-23 | 204 | 45,26,253 |
| 2023-24 | 277 | 72,79,137 |
| 2024-25 | 400 | 1,11,61,258 |

***************